بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 9

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

ലക്കം 48

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2024 നവംബർ 28/ഹി.ശം 1403 നുബുവ്വത്ത് 28/ഹി:ഖ 1446 ജമാദുൽ അവ്വൽ 25

## അല്ലാഹുവിന്റെ വചനം

وَمَنۡ اَظۡلَمُ مِمَّنِ افۡتَرٰی
عَلَی اللّٰہِ کَذِبًا اَوۡ کَذَّبَ بِاٰیٰتِہٖ ؕ
اِنَّہٗ لَا یُفۡلِحُ الظّٰلِمُوۡنَ (الانعام:22)

അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമയ്ക്കുകയോ അവന്റെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറയുകയോ ചെയ്യുന്നവനെക്കാൾ വലിയ അക്രമി മറ്റാരാണ്? തീർച്ചയായും അക്രമികൾ വിജയം പ്രാപിക്കുകയില്ല.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### മനുഷ്യൻ നന്ദിയുള്ളവനാകണം

* ഹദ്റത്ത് അബൂഹുറയ്റرضي الله عنه നിവേദനം. നബിﷺതിരുമേനി പറഞ്ഞു:ജനങ്ങളോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല. (സുനൻ അത്തുർമിദി കിതാബുൽബർരി വസ്സ്വില)

### ക്ഷമയും സ്ഥിരചിത്തതയും

*ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻرضي الله عنه വിവരിക്കുന്നു: ഞാനും നബിﷺതിരുമേനിയും മക്കയിൽ വാദിയിൽ പോകുകയായിരുന്നു. നബിﷺ തിരുമേനി എന്റെ കൈ പിടിച്ചിട്ടുണ്ടായിരുന്നു. ഞങ്ങൾ അമ്മാർرضي الله عنهന്റെ മാതാവിന്റെ അടുക്കൽ വന്നു. അവരെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഹദ്റത്ത് യാസിർ പറഞ്ഞു:എപ്പോഴും ഇങ്ങനെത്തന്നെ ഉണ്ടായിക്കൊണ്ടിരിക്കുമോ? നബിﷺതിരുമേനി ഹദ്റത്ത് യാസിറിനോടു പറഞ്ഞു:ക്ഷമിക്കുക. പിന്നീട് നബിﷺതിരുമേനി ഈ ദുആയും ചെയ്തു: അല്ലാഹുവേ! യാസിറിന്റെ കുടുംബത്തിന് മഗ്ഫിറത്ത് നല്കിയാലും. തീർച്ചയായും നീ അങ്ങനെ ചെയ്തിരിക്കുന്നു.*(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 188, അമ്മാർ ബിൻ യാസിർ رضي الله عنه, പ്രസാധനം ദാറു അഹ്‌യാഉത്തുറാഥുൽഅറബീ ബെയ്റുത്ത് 1990)*

**പുരോഗതി കൈവരിക്കാൻ, അല്ലാഹുവിനെ തിരിച്ചറിയുകയും അവനിൽ ജീവസുറ്റ വിശ്വാസമുണ്ടാക്കുകയും ചെയ്യുക എന്ന ഒരൊറ്റ വഴിയെയുള്ളു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഉപദേശങ്ങൾ

ഇസ്‌ലാം ആരെയും അലസനാക്കുന്നില്ല. നിങ്ങളുടെ കച്ചവടങ്ങളിലും ഉദ്യോഗങ്ങളിലും മുഴുകിക്കൊള്ളുക. എന്നാൽ, അല്ലാഹുവിനുവേണ്ടിയുള്ള ഏതെങ്കിലും സമയം പാഴായിപ്പോകുന്നത് ഞാനിഷ്ടപ്പെടുന്നില്ല. അതേ, കച്ചവടത്തിന്റെ നേരത്ത് കച്ചവടം ചെയ്യുക. അല്ലാഹുവിനോടുള്ള ഭയവും പേടിയും ആ സമയത്തും മുമ്പിൽ വെക്കുക; ആ കച്ചവടവും അവനോടുള്ള ഇബാദത്തിന്റെ വർണം പിടിക്കുന്നതിനുവേണ്ടി. നമസ്കാരങ്ങളുടെ സമയത്ത് നമസ്കാരങ്ങളെ ഉപേക്ഷിക്കരുത്. എല്ലാ കാര്യങ്ങളിലും, അതെന്താണെങ്കിൽത്തന്നെയും ദീനിനെ മുന്തിക്കുക. ദുൻയാവ് യഥാർഥ ലക്ഷ്യമാകരുത്. യഥാർഥ ലക്ഷ്യം ദീനായിരിക്കണം. പിന്നീട് ഭൗതികമായ ജോലിയും ദീനിന്റെതന്നെ ഭാഗമായിരിക്കും. ആദരണീയരായ സ്വഹാബിമാരെ നോക്കുക. അവർ പ്രയാസത്തിനുമേൽ പ്രയാസമുണ്ടായിരുന്ന നേരത്തുപോലും അല്ലാഹുവിനെ കൈവിട്ടില്ല. യുദ്ധത്തിന്റേയും വാളിന്റേയും നേരം എത്രമാത്രം ഭയാനകമാണെന്നാൽ അത് സങ്കല്പിക്കുമ്പോൾത്തന്നെ മനുഷ്യൻ പരിഭ്രമിച്ചുപോകുന്നു. ആവേശത്തിന്റേയും കോപത്തിന്റേയും നേരമാകുന്ന അത്തരം അവസ്ഥയിലും അവർ അല്ലാഹുവിൽനിന്ന് അശ്രദ്ധരായില്ല. നമസ്കാരങ്ങൾ ഉപേക്ഷിച്ചില്ല. ദുആകളെ പ്രയോജനപ്പെടുത്തി പ്രവൃത്തിച്ചു. ഇപ്പോൾ അല്ലാഹുവിൽനിന്ന് അശ്രദ്ധരായിക്കൊണ്ട് മറന്നിട്ടുപോലും അവനിലേക്ക് ശ്രദ്ധിക്കാതെ മുസ്‌ലിമീങ്ങൾ അഭിവൃദ്ധിപ്പെടണമെന്നു പറഞ്ഞ് സമ്മേളനങ്ങളും വലിയ വലിയ പ്രസംഗങ്ങളും നടത്തുന്നതും നാനാഭാഗത്തും സമ്മർദം ചെലുത്തുന്നതും ദുർഭാഗ്യമാണ്. അത്തരം അവസ്ഥയിൽ അവരുടെ ശ്രമങ്ങൾ ഫലപ്രദമാകുമെന്ന് എങ്ങനെ പ്രതീക്ഷിക്കാനാണ്. അതെല്ലാം ദുൻയാവിനുവേണ്ടിയാകുമ്പോൾ പ്രത്യേകിച്ചും! ഓർമിച്ചുകൊള്ളുക, ലാഇലാഹ ഇല്ലല്ലാഹ് ഹൃദയത്തിലും കരളിലും പ്രവേശിക്കാത്തിടത്തോളം ശരീരത്തിന്റെ ഓരോ അണുവിലും ഇസ്‌ലാമിന്റെ പ്രകാശവും ഭരണവുമുണ്ടാകുന്നില്ലെങ്കിൽ ഒരിക്കലും പുരോഗതി ഉണ്ടാകുകയില്ല. നിങ്ങൾ പാശ്ചാത്യൻ ജനത പുരോഗതികൈവരിച്ചുകൊണ്ടിരിക്കുന്നുവെന്ന് പറഞ്ഞ് അവരുടെ മാതൃക അവതരിപ്പിക്കുകയാണെങ്കിൽ അവരുടെ കാര്യം മറ്റൊന്നാണ്. നിങ്ങൾക്ക് ഗ്രന്ഥം നല്കപ്പെട്ടിരിക്കുകയാണ്. നിങ്ങളിൽ തെളിവ് പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. അവർക്കുള്ളത് വേറിട്ടൊരു കാര്യവും സമാധാനം ചോദിക്കലിന്റെ നാളുമാണ്. നിങ്ങൾ അല്ലാഹുവിന്റെ ഗ്രന്ഥത്തെ ഉപേക്ഷിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഈ ലോകത്ത് നരകം നിലവിലുണ്ട്.

അത്തരം അവസ്ഥയിൽ അതായത് ഏകദേശം എല്ലാ നഗരത്തിലും മുസ്‌ലിമീങ്ങളുടെ ഉന്നമനത്തിന് സംഘടനകളും സമ്മേളനങ്ങളുമുണ്ടാകുന്നു. പക്ഷേ, വിശുദ്ധ ഖുർആനിനെ നിങ്ങളുടെ ഇമാമാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുകയെന്ന് ഇസ്‌ലാമിനോടു സഹതാപമുള്ള ഒരുത്തന്റേയും വായിൽനിന്ന് പുറപ്പെടുന്നില്ല. എന്തെങ്കിലും പറയുന്നുണ്ടെങ്കിൽ, ഇംഗ്ലീഷ് പഠിക്കുകയും

ശേഷം പേജ് 11 ൽ

**ആരാണോ ബലി നടത്തുന്നത്, താനും അല്ലാഹുവിന്റെ വഴിയിൽ സകലതും ബലികഴിക്കുമെന്ന കാര്യം പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്.**

**ആടുകളെ ബലികഴിക്കുന്നതിനോടൊപ്പം തന്റെ ശരീരേച്ഛയേയും ബലികഴിക്കുന്നവൻ മാന്യന്മാരുടെ പക്കൽ ബഹുമാനിതനാണ്. എന്നാൽ, ആടിനെ അറുത്തുകൊണ്ടുമാത്രം മതിയാക്കുന്നവൻ അഭിനയിക്കുന്നവനും കോമാളിയുമാണ്. അതുകൊണ്ട് അവൻ ഒരു ആദരവിനും അർഹനല്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ ഹജ്ജിലെ 66-ാമത്തെ വചനത്തിന് നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു:അദാബ് അഥവാ ശിക്ഷ എപ്പോഴും രണ്ടു തരത്തിലാണുണ്ടാകാറുള്ളതെന്ന കാര്യം ഓർക്കേണ്ടതാണ്. ഒന്ന് ശരീഅത്തുപരമായ ശിക്ഷ. ഒന്ന് പ്രകൃതിപരമായ ശിക്ഷ. ജനങ്ങൾ അല്ലാഹുവിന്റെ ഏതെങ്കിലും റസൂലിനെ നിഷേധിക്കുമ്പോഴാണ് ശരീഅത്തുപരമായ ശിക്ഷവരുന്നത്. എന്നാൽ, പ്രകൃതിപരമായ ശിക്ഷയ്ക്ക് ഒരു നിബന്ധനയുമില്ല. പ്രത്യുത ഏതൊരു ജനതയും പുരോഗതിയ്ക്കുവേണ്ടി അല്ലാഹു ഭൗതികലോകത്ത് നിശ്ചയിച്ചിട്ടുള്ള കാര്യഹേതുക്കളിൽനിന്ന് അശ്രദ്ധരാകുമ്പോഴാണ് അവന്റെ പൊതു നിയമനുസരിച്ച അവർ സ്വയമേവ നശിച്ചൊടുങ്ങുന്നത്. ഇന്നേവരെ ലോകത്തിന്റെ ഭൂപടത്തിൽ ആയിരക്കണക്കിന് ജനതകളും ഭരണകൂടങ്ങളും ഉയരുകയും പിന്നീടൊരു സമയം വന്നപ്പോൾ ദുർബലതയുടേയും അധഃപതനത്തിന്റേയും ഇരയായിത്തീർന്ന് ഇല്ലാതാകുകയും ഭൂമുഖത്ത് അവരുടെ അടയാളംപോലും ബാക്കിയാവാതിരിക്കുകയും ചെയ്തു. ആ ജനതയുടെ നാശവും തകർച്ചയും അല്ലാഹുവിനോടുള്ള സ്നേഹക്കുറവും അല്ലെങ്കിൽ അവന്റെ റസൂൽമാരെ നിഷേധിച്ചതുകൊണ്ടുമല്ല. പ്രത്യുത അവർ നശിക്കാൻ കാരണം അല്ലാഹു അഭിവൃദ്ധിക്കുവേണ്ടി ഈ ലോകത്ത് നടപ്പിൽവരുത്തിയിട്ടുള്ള നിയമങ്ങളെ അവഗണിച്ചതാണ്. ഈ രണ്ടുതരത്തിലുള്ള ശിക്ഷയെ കുറിച്ചും അല്ലാഹു വിശുദ്ധ ഖുർആനിൽ വിവിധ

ശേഷം പേജ് 10 ൽ

The Weekly BADR Qadian (Malayalam)

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

## ഈ ലക്കത്തിൽ

ജുമുഅ ഖുത്ബ
25 ഒക്ടോബർ 2024

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമ്മൻ പര്യടനം

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**ബനൂഖുയ്ള്വയിലെ ഈ തടവുകാരായ സ്ത്രീകൾ വീതിക്കപ്പെട്ടവരായാലും വിൽക്കപ്പെട്ടവരായാലും ആ അവസരത്തിൽ നബിﷺതിരുമേനി ഒരു കൽപ്പന പുറപ്പെടുവിച്ചു, അത് നബിﷺതിരുമേനിയുടെ വിശാലമായ കാരുണ്യത്തിന്റേയും സ്ത്രീകളുടെ ഉപകാരി എന്ന നിലയ്ക്കും തങ്കലിപികളാൽ എഴുതപ്പെടേണ്ടതാണ്. നബിﷺതിരുമേനി പറഞ്ഞു:"ഏതെങ്കിലും സ്ത്രീവിതരണം ചെയ്യപ്പെടുകയോ വിൽക്കപ്പെടുകയോ ചെയ്താൽ അവർക്ക് ചെറിയ ആൺകുട്ടിയോ പെൺകുട്ടിയോ ഉണ്ടെങ്കിൽ ആ കുട്ടിയെ അവർ പ്രായപൂർത്തിയാകുന്നതുവരെ അതിന്റെ മാതാവിൽനിന്നകറ്റാൻ പാടില്ല. അപ്രകാരംതന്നെ അവന് ചെറിയ സഹോദരിയുണ്ടെങ്കിൽ അവൾ പ്രായപൂർത്തിയാകുന്നതുവരെ അവളെ മാതാവിൽനിന്ന് വേർപെടുത്താൻ പാടില്ല."**

**ഔസ്ഗോത്രത്തിന്റെ ഭാഗത്തുനിന്ന് ബനൂഖുറയ്ള്വയ്ക്കുവേണ്ടിയുള്ള ശിപാർശ കേട്ടപ്പോൾ ഹദ്റത്ത് സഅ്ദ്ؓ പറഞ്ഞു: ഇപ്പോൾ സമയമായിരിക്കുന്നു. ഞാൻ അല്ലാഹുവിനെക്കുറിച്ച് ഏതെങ്കിലും ശകാരിക്കുന്നവന്റെ ശകാരം വകവെയ്ക്കാതിരിക്കുന്ന സമയം വന്നിരിക്കുന്നു.**

**ബനുഖുറയ്ള്വയുടെ കാര്യത്തിൽ വിധി കൽപ്പിക്കുന്നതിനുവേണ്ടി ഹദ്റത്ത് സഅ്ദ്ؓ വന്നപ്പോൾ നബിﷺതിരുമേനി പറഞ്ഞു:നിങ്ങളുടെ നേതാവിനെ ബഹുമാനിക്കുന്നതിനുവേണ്ടി എഴുന്നേറ്റു നിൽക്കുക. ഏറ്റവുമുത്തമനായ മനുഷ്യനുവേണ്ടി എഴുന്നേറ്റുനിൽക്കുക എന്നു പറഞ്ഞതായി മറ്റൊരു നിവേദനവുമുണ്ട്.**

**ഹദ്റത്ത് സഅ്ദ്ؓഅവരെ സംബന്ധിച്ച് പറഞ്ഞു: ഞാൻ അവരെക്കുറിച്ച് ഈ വിധി പുറപ്പെടുവിക്കുകയാണ്. അവരിലെ പ്രായപൂർത്തിയായ പുരുഷന്മാരെ വധിക്കുക. സ്ത്രീകളേയും കുട്ടികളേയും തടവിലാക്കുക. സ്വത്തുവകകൾ വിതരണം ചെയ്യുക. വീടുകൾ മുഹാജിരീങ്ങൾക്കു നല്കുക;അൻസ്വാറിനല്ല. നബിﷺതിരുമേനി പറഞ്ഞു:'സഅ്ദേ!താങ്കളുടെ വിധിയുണ്ടായത് അല്ലാഹു ഏഴാകാശത്തിനുമകളിൽ ചെയ്ത വിധിയനുസരിച്ചാണ്.'**

**ഒരു നിവേദനത്തിലുണ്ട്. നബിﷺതിരുമേനി ഹദ്റത്ത് സഅ്ദിന്റെ വിധിയെ കുറിച്ച് പറഞ്ഞു:ഈ വിധിയെ സംബന്ധിച്ച് എന്നോടു മലക്കുകൾ ഇടയത്താഴത്തിന്റെ നേരത്ത് പറഞ്ഞിരുന്നു.**

**ഖുറയ്ള്വ യുദ്ധത്തിന്റെ അവസാനം അവർക്കു നൽകിയ ശിക്ഷയുടേയും മറ്റു അവസ്ഥകളുടേയും സംഭവങ്ങളുടേയും വിശദീകരണം.**

**ഖുത്ബ ജുമുഅ 2024 ഒക്ടോബർ 25, 1403 അഖാഅ് 25, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ- بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ-
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ○
اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ○ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ
غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ○

അഹ്സാബ് യുദ്ധത്തിൽ ഖുറയ്ള്വ ഗോത്രം ഉടമ്പടി ലംഘിച്ചതിനെ തുടർന്ന് ആ യുദ്ധത്തിനുശേഷം അവരുടെ കോട്ടകൾ ഉപരോധിച്ചതിനെ സംബന്ധിച്ച കാര്യങ്ങളും മുസ്‌ലിമീങ്ങൾക്ക് നഷ്ടമുണ്ടാക്കിയതിനും ഉടമ്പടി ലംഘിച്ചതിനും അവരെ ശിക്ഷിക്കുന്നതിനെ സംബന്ധിച്ച വിഷയങ്ങളുമാണ് പറഞ്ഞിരുന്നത്.

ഇതിന്റെ കൂടുതൽ വിശദീകരണം ഇങ്ങനെയാണ്: ഉപരോധം കഠിനമായപ്പോൾ ഖുറയ്ള്വഗോത്രം നബിﷺതിരുമേനിയുടെ തീരുമാനമനുസരിച്ച് കോട്ടകളിൽനിന്ന് താഴെ ഇറങ്ങിവന്നു. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 9, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)*

ബനൂഖുറയ്ള്വ ഗോത്രത്തിനെതിരെയുള്ള ഈ ഉപരോധം എത്രദിവസം നീണ്ടുനിന്നു എന്നതിനെ കുറിച്ച് വിവിധ നിവേദനങ്ങളുണ്ട്. ചില നിവേദനങ്ങളിൽ 10 ദിവസം എന്നു പറയുന്നു. ചില നിവേദനങ്ങളിൽ 15 ദിവസം എന്നു പറയുന്നു. ചില നിവേദനങ്ങളിൽ 14 ദിവസം എന്നു പറയുന്നു. ചില നിവേദനങ്ങളിൽ 25 ദിവസമെന്നും പറയുന്നുണ്ട്. *(അത്ത്വബഖാത്തുൽകുബ്റാ വാല്യം 2, പേജ് 57,59, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 20, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ.വിവിധ ചരിത്രഗ്രന്ഥങ്ങളിൽ നിന്നെടുത്ത് പറഞ്ഞിരിക്കുന്നത് ഈ ഉപരോധത്തിന്റെ കാലാവധി *കുറഞ്ഞത് 20 ദിവസമായിരുന്നുവെന്നാണ്. (സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 599)*

ഇതിൽ വിധി പറയാൻ ഹദ്റത്ത് സഅ്ദ് ബിൻ മുആദിനെؓവിധികർത്താവാക്കി. അതിന്റെ വിശദീകരണം ഇപ്രകാരമാകുന്നു: നബിﷺതിരുമേനി യഹൂദികളെ തടവിലാക്കാൻ കൽപ്പിച്ചു. അപ്പോൾ അവരെ കയറുകൊണ്ടു കെട്ടി. ഈ ജോലിയുടെ മേൽനോട്ടം ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമؓ വഹിച്ചു. സ്ത്രീകളേയും കുട്ടികളേയും കോട്ടകളിൽനിന്ന് പുറത്തുകൊണ്ടുവന്നു. അവരേയും ഒരു വശത്തേക്കു മാറ്റി. അവരെ നോക്കാൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലാമിനെؓനിശ്ചയിച്ചു. അവരുടെ കോട്ടകളിൽ എന്തൊന്നാണോ ഉണ്ടായിരുന്നത് ഉദാഹരണത്തിന് ആയുധങ്ങൾ, സാധനസാമഗ്രികൾ വസ്ത്രം തുടങ്ങിയവ ശേഖരിക്കപ്പെട്ടു. അവർക്ക് അവിടെനിന്ന് 1500 വാളുകളും മുന്നൂറു പരിചകളും രണ്ടായിരം കുന്തങ്ങളും 1500 തുകലിന്റെ പരിചകളും ഒരുപാട് സാധനസാമഗ്രികളും ലഭിച്ചു. ധാരാളം പാത്രങ്ങളും മദ്യങ്ങളും വെള്ളംകോരിവെക്കുന്ന വലിയ മൺപാത്രങ്ങളും ലഹരി പദാർഥങ്ങളും-ഇവ ഒഴുക്കിക്കളഞ്ഞു- ധാരാളം ഒട്ടകങ്ങളും മറ്റു മൃഗങ്ങളും കിട്ടി. അവയെല്ലാം ശേഖരിക്കപ്പെട്ടു. ഔസ് ഗോത്രത്തിന്റെ ആദരണീയരായ വ്യക്തികൾ നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അവർ പറഞ്ഞു: "യാ റസൂലല്ലാഹ്! ഖുറയ്ള്വ ഗോത്രം ഞങ്ങളുടെ സഖ്യകക്ഷിയാണ്. ഉടമ്പടി

ലംഘനം കാരണത്താൽ ഞങ്ങളുടെ സഖ്യ കക്ഷിയും ലജ്ജിതരും വെപ്രാളത്തിലുമാണ്. അതിനാൽ ഞങ്ങളെയോർത്ത് അവർക്ക് പൊറുത്തുകൊടുത്താലും." നബിﷺതിരുമേനി നിശബ്ദത പാലിച്ചു. അപ്പോൾ ഔസ് ഗോത്രത്തിന്റെ വാശി വർധിക്കാൻ തുടങ്ങി. അവരുടെ ഗോത്രത്തിലെ എല്ലാവരും വരികയും അപേക്ഷിക്കാൻ തുടങ്ങുകയും ചെയ്തു. നബിﷺ തിരുമേനി പറഞ്ഞു:"നിങ്ങളിൽനിന്നുതന്നെ ഒരാളെ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ നിശ്ചയിക്കുന്നത് നിങ്ങൾ ഇഷ്ടപ്പെടുമോ?" എന്തുകൊണ്ട് ഇഷ്ടപ്പെടുകയില്ലെന്ന് അവർ ചോദിച്ചു. അവിടന്ന് പറഞ്ഞു: 'ഇക്കാര്യം സഅ്ദ് ബിൻ മുആദിനെ ചുമതലപ്പെടുത്തുന്നു.'

മറ്റൊരു നിവേദനത്തിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു. നബിﷺതിരുമേനി പറഞ്ഞു: 'തീരുമാനമെടുക്കാൻ എന്റെ സ്വഹാബാക്കളിൽ നിങ്ങളിഷ്ടപ്പെടുന്നവരെ സ്വീകരിച്ചുകൊള്ളുക. അവർ സഅ്ദ് ബിൻ മുആദിനെؓസ്വീകരിച്ചു. നബിﷺതിരുമേനി അതിഷ്ടപ്പെട്ടു. ഹദ്റത്ത് സഅ്ദ് ഔസ് ഗോത്രത്തിന്റെ നേതാവായിരുന്നു. ബനുഖുറയ്ളയുടെ സഖ്യകക്ഷിയുമായിരുന്നു. ഇങ്ങനെ ഔസ് ഗോത്രത്തിലെയാളുകൾ സംതൃപ്തരായെന്നു മാത്രമല്ല, പ്രത്യുത സന്തോഷിക്കുകയും ചെയ്തു. ഇപ്പോൾ തങ്ങളുടെ കൈയിലാണ് കാര്യമെന്ന് അവർ ധരിച്ചു. സഖ്യകക്ഷികളെ രക്ഷിക്കുകയെന്നത് അറബികളുടെ സമ്പ്രദായമായിരുന്നു. പക്ഷേ, ദൈവവിധി മറ്റൊരു തീരുമാനമാണെടുത്തിരുന്നത്. ഹദ്റത്ത് സഅ്ദിؓന്റെ പരിശുദ്ധവും ആത്മാർഥവുമായ ഹൃദയം അല്ലാഹുവിനേയും അവന്റെ റസൂലിനേയും മറ്റെല്ലാ ബന്ധുത്വത്തെക്കാളും ബന്ധങ്ങളെക്കാളും മുന്തിച്ചിരുന്നു. ഹദ്റത്ത് സഅ്ദ്ؓആ നേരത്ത് മദീനയിലെ മസ്ജിദിൽ റഫീദ അസ്‌ലമിയായുടെ കൂടാരത്തിലായിരുന്നു. അവർ മുറിവേറ്റവർക്ക് മരുന്നുവെച്ചു കെട്ടികൊടുക്കുമായിരുന്നു. മസ്ജിദിൽത്തന്നെ അവർക്കൊരു കൂടാരവുമുണ്ടായിരുന്നു. നബിﷺതിരുമേനി ശുശ്രൂഷയുടേയും ചികിത്സയുടേയും മേൽനോട്ടം വഹിക്കാൻ ഹദ്റത്ത് സഅ്ദിനെ ആ കൂടാരത്തിലാണ് താമസിപ്പിച്ചിരുന്നത്; സൗകര്യമനുസരിച്ച് അവരിൽ മുറിവേറ്റവരെ സന്ദർശിക്കാനും. നബിﷺതിരുമേനി ഇക്കാര്യം ഹദ്റത്ത് സഅ്ദ് ബിൻ മുആദിനെؓ ഏൽപ്പിച്ചു. അപ്പോൾ ഔസ് ഗോത്രക്കാർ അദ്ദേഹത്തിന്റെ അടുത്തുപോയി. അദ്ദേഹത്തെ ഒരു കഴുതപ്പുറത്ത് യാത്ര ചെയ്യിച്ചു. ഇതിന്റെ ജീനി ഈത്തപ്പനത്തോലിന്റേതായിരുന്നു. ജീനിയുടെ മീതെ തോലിന്റെ മെത്ത വിരിച്ചിരുന്നു. അതിന്റെ കടിഞ്ഞാണും ഈത്തപ്പനനാരിന്റേതായിരുന്നു. ഹദ്റത്ത് സഅ്ദ്ؓനല്ല ആരോഗ്യമുള്ള യുവാവായിരുന്നു. ആളുകൾ സഅ്ദിനുചുറ്റും ഒരുമിച്ചുകൂടി പറഞ്ഞു: "അബൂഅംറേ! നബിﷺതിരുമേനി ഔസിന്റെ സഖ്യകക്ഷിയുടെ കാര്യം അവരോടു നന്മചെയ്യുന്നതിന് അങ്ങയെ ഏൽപിച്ചിരിക്കുകയാണ്. അങ്ങ് അവരുടെമേൽ ഔദാര്യം ചെയ്താലും." ഇത്രയുമായപ്പോൾ വീണ്ടും കൂടുതലാളുകൾ കൂടി. പക്ഷേ, ഹദ്റത്ത് സഅ്ദ് ؓതികച്ചും നിശബ്ദനായിരുന്നു. ആളുകളുടെ ശാഠ്യം കൂടിയപ്പോൾ ഹദ്റത്ത് സഅ്ദ് പറഞ്ഞു: ഇപ്പോൾ സമയമായിരിക്കുന്നു. ഞാൻ അല്ലാഹുവിനെക്കുറിച്ച് ഏതെങ്കിലും ശകാരിക്കുന്നവന്റെ ശകാരം വകവെയ്ക്കാതിരിക്കുന്ന സമയം വന്നിരിക്കുന്നു.

ഹദ്റത്ത് സഅ്ദ്ؓനബിﷺതിരുമേനിയുടെ അടുത്തുവന്നു. മറ്റുള്ളയാളുകളും നബിﷺതിരുമേനിയുടെ അടുത്ത് ഇരിപ്പുണ്ടായിരുന്നു. സഅ്ദ് ബിൻ മുആദ്ؓവരികയും, -ബുഖാരിയിലും മുസ്‌ലിമിലുമുണ്ട്-നബിﷺതിരുമേനി ഉണ്ടായിരുന്ന ആ മസ്ജിദിന്റെ അടുത്തെത്തിയപ്പോൾ, -ഈ മസ്ജിദ് ബനൂഖുറയ്ളയുടെ ഉപരോധകാലത്ത് നമസ്കരിക്കാൻവേണ്ടി നിർമിച്ചതായിരുന്നു-അദ്ദേഹത്തെ കണ്ടിട്ട് നബിﷺതിരുമേനി പറഞ്ഞു:നിങ്ങളുടെ നേതാവിനെ ബഹുമാനിക്കുന്നതിനുവേണ്ടി എഴുന്നേറ്റു നിൽക്കുക. ഏറ്റവുമുത്തമനായ മനുഷ്യനുവേണ്ടി എഴുന്നേറ്റുനിൽക്കുക എന്നു പറഞ്ഞതായി മറ്റൊരു നിവേദനവുമുണ്ട്.

അബ്ദുൽ അശ്ഹൽ ഗോത്രത്തിലെ ആളുകൾ പറഞ്ഞു:'ഞങ്ങൾ ഹദ്റത്ത് സഅ്ദിനെ ആദരിക്കുന്നതിനുവേണ്ടി രണ്ട് അണിയായിനിന്നു. ഞങ്ങളിലോരോരുത്തരും അദ്ദേഹത്തിന് സ്വാഗതം പറഞ്ഞുകൊണ്ടിരുന്നു. അങ്ങനെ അദ്ദേഹം നബിﷺതിരുമേനിയുടെ തിരുസന്നിധിയിലെത്തി. അവിടന്ന്ﷺപറഞ്ഞു:'സഅ്ദേ! അവരുടെയിടയിൽ വിധി കൽപ്പിക്കുക.' അദ്ദേഹം പറഞ്ഞു:'കൽപ്പിക്കാൻ അല്ലാഹുവിനെക്കാളും അവന്റെ റസൂലിനെക്കാളും അവകാശിയാരാണ്?' നബിﷺതിരുമേനി പറഞ്ഞു:'നിസ്സംശയം! താങ്കൾ അവരെക്കുറിച്ച് തീരുമാനമെടുക്കാൻ അല്ലാഹു താങ്കളോടു കൽപ്പിച്ചിട്ടുണ്ട്.' ഔസ് ഗോത്രത്തിലെ ആളുകൾ പറഞ്ഞു:'അബൂ അംറേ! റസൂലുല്ലാഹിﷺനിങ്ങളുടെ കക്ഷിയുടെ വിധികൽപ്പിക്കാൻ താങ്കളെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അതിനാൽ താങ്കൾ അവരോടു നല്ലനിലയിൽ പെരുമാറിയാലും. അവരുടെ വിഷമതകൾ മുന്നിൽ കണ്ടാലും.' ഹദ്റത്ത് സഅ്ദ്ؓപറഞ്ഞു:'ബനൂഖുറയ്ളയെ സംബന്ധിച്ച് ഞാൻ പറയുന്ന വിധി നിങ്ങളിഷ്ടപ്പെടുമോ?' അവർ പറഞ്ഞു: 'തീർച്ചയായും. ഞങ്ങൾ അങ്ങയുടെ വിധിയിൽ അങ്ങ് ഞങ്ങളിലില്ലാത്ത കാലം മുതലേ തൃപ്തരാണ്.' അതായത് അങ്ങയുടെ അസാന്നിധ്യത്തിലും അങ്ങയുടെ നാമം നിർദേശിക്കാറുണ്ടായിരുന്നു. ഞങ്ങളുടെ ഭാഗത്തുനിന്ന് അങ്ങയ്ക്ക് അധികാരമുണ്ട്. ഞങ്ങൾ പ്രതീക്ഷിക്കുന്നത് അങ്ങ് ഞങ്ങളോടു ഔദാര്യം കാണിക്കുമെന്നാണ്; അങ്ങയെ കൂടാതെ മറ്റാരോ ഞങ്ങളുടെ സഖ്യകക്ഷിയായ ബനൂഖുറയ്ളയോടു പെരുമാറിയതുപോലെ. ഞങ്ങളുടെ മുൻഗണന അങ്ങുതന്നെയാണ്. ഞങ്ങൾ അങ്ങയുടെ കൽപ്പനയ്ക്ക് ഇന്നത്തെ ദിവസം കൂടുതൽ ആശ്രിതരാണ്.' ഹദ്റത്ത് സഅ്ദ്ؓപറഞ്ഞു:'ഞാൻ പൂർണമായും ശ്രമിക്കുന്നതായിരിക്കും. അപ്പോൾ ആളുകൾ ചോദിച്ചു:'ഞാൻ പൂർണമായും ശ്രമിക്കുന്നതായിരിക്കും എന്ന കാര്യംകൊണ്ട് താങ്കളെന്താണുദ്ദേശിക്കുന്നത്?' ഹദ്റത്ത് സഅ്ദ്ؓപറഞ്ഞു:'എന്റെ വിധിതന്നെ നടപ്പിൽ വരുത്തുമെന്നതിൽ നിങ്ങൾ പരസ്പരം പ്രതിജ്ഞ ചെയ്തിരിക്കുന്നു.' ഉറപ്പാക്കുന്നതിനുവേണ്ടി വീണ്ടും ചോദിച്ചു. അവർ പറഞ്ഞു: 'തീർച്ചയായും.' പിന്നിട് നബിﷺ തിരുമേനി ഇരുന്ന ഭാഗത്തേക്ക് തിരിഞ്ഞു. റസൂലുല്ലായുടെ പ്രതാപവും മഹത്ത്വവും കാരണത്താൽ അങ്ങയോടൊന്നും ചോദിച്ചില്ല. ഇവിടെ ഇരിക്കുന്ന ആളുകളും ഈ വാഗ്ദാനമാണ് ചെയ്യുന്നതെന്ന് പറഞ്ഞു. നബിﷺതിരുമേനിയിൽ ആംഗ്യം കാണിച്ചു. നബിﷺതിരുമേനിയും അങ്ങയോടൊപ്പമുള്ളവരും അതേ എന്നു പറഞ്ഞു. അതിനുശേഷം ഹദ്റത്ത് സഅ്ദ്ؓപറഞ്ഞു:'ഞാൻ അവരെ സംബന്ധിച്ച് വിധി പറയുകയാണ്. അവരിലെ പ്രായപൂർത്തിയായ പുരുഷന്മാരെ വധിക്കുക. സ്ത്രീകളേയും കുട്ടികളേയും തടവിലാക്കുക. സ്വത്തുവകകൾ വിതരണം ചെയ്യുക. വീടുകൾ മുഹാജിരീങ്ങൾക്കു നല്കുക;അൻസ്വാറിനല്ല. ഞങ്ങൾ അവരുടെ സഹോദരങ്ങളാണ്. അവരോടൊപ്പംതന്നെയായിരുന്നു. പറഞ്ഞു, ഞാനാഗ്രഹിക്കുന്നത് അവർ നിങ്ങളെക്കാൾ സമ്പന്നരാകണമെന്നാണ്. അതായത് മുഹാജിരീങ്ങൾ കുറച്ച് സ്വതന്ത്രമായ നിലയിൽ അവരുടെ ജോലി ചെയ്യട്ടെ.'

നബിﷺതിരുമേനി പറഞ്ഞു:'സഅ്ദേ!താങ്കളുടെ വിധി അല്ലാഹു ഏഴാകാശത്തിനുമകളിൽ ചെയ്ത വിധിയനുസരിച്ചാണ്.'

ഒരു നിവേദനത്തിലുണ്ട്. നബിﷺതിരുമേനി ഹദ്റത്ത് സഅ്ദിന്റെ വിധിയെ കുറിച്ച് പറഞ്ഞു:ഈ വിധിയെ സംബന്ധിച്ച് എന്നോടു മലക്കുകൾ ഇടയത്താഴത്തിന്റെ നേരത്ത് പറഞ്ഞിരുന്നു. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 9-11 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)(ശറഹ് അസ്സർഖാനീ അലൽമവാഹിബില്ലദുന്നിയ വാള്യം 3 പേജ് 81, ദാറുൽകുതുബുൽഇൽമിയ്യ 1996)*

ഇതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓഇങ്ങനെ എഴുതിയിരിക്കുന്നു:'അവസാനം ഏകദേശം 20 ദിവസത്തെ ഉപരോധത്തിനുശേഷം ഈ ദുഷ്ടന്മാരായ യഹൂദികൾ, ഒരാളെ വിധികർത്താവായി സമ്മതിച്ച് തങ്ങളുടെ കോട്ടകളിൽ നിന്ന് പുറത്തുവരാൻ തയ്യാറായി. അയാളാണെങ്കിൽ അവരുടെ സഖ്യകക്ഷിയായിരുന്നിട്ടും അവരുടെ പ്രവർത്തികൾകൊണ്ട് അവർ ദയയ്ക്കർഹരല്ലെന്ന് കണ്ടയാളായിരുന്നു. അദ്ദേഹം നീതിയുടേയും ന്യായത്തിന്റേയും ആൾരൂപമായിരുന്നു. എന്നാൽ, അയാളുടെ മനസ്സിൽ റഹ്മത്തുല്ലിൽ ആലമീനെപ്പോലുള്ള അനുകമ്പയോ അലിവോ ഉണ്ടായിരുന്നില്ല.'

ഇതിന്റെ വിശദീകരണം ഇങ്ങനെയാണ്:'ഔസ് ഗോത്രം ഖുറയ്ളഗോത്രത്തിന്റെ പഴയകാല സഖ്യകക്ഷിയായിരുന്നു. അക്കാലത്ത് ഈ ഗോത്രത്തിന്റെ നേതാവ് സഅ്ദ് ബിൻ മുആദായിരുന്നു. അദ്ദേഹം ഖൻദഖ് യുദ്ധത്തിൽ പരിക്കേറ്റ് മസ്ജിദിന്റെ മുറ്റത്ത് ചികിത്സയിലായിരുന്നു......സഅ്ദ് യാത്രചെയ്തുവരവെ, വഴിയിൽവെച്ച് ഔസ് ഗോത്രത്തിലെ ചിലയാളുകൾ അദ്ദേഹത്തെ നിർബന്ധപൂർവം നിരന്തരം ഖുറയ്ളഗോത്രം തങ്ങളുടെ സഖ്യകക്ഷിയാണെന്നും എപ്രകാരം ഖസ്റജ് ഗോത്രം തങ്ങളുടെ സഖ്യകക്ഷി ഗോത്രമായ ബനൂഖയ്നഖയോടു അലിവോടെ പെരുമാറിയോ താങ്കളും ഖുറയ്ളഗോത്രത്തോടു ദയകാണിക്കണമെന്നും അവർക്ക് കഠിനമായ

ശിക്ഷവിധിക്കരുതെന്നും അപേക്ഷിച്ചുകൊണ്ടിരുന്നു. സഅ്ദ്ബിൻ മുആദ്ؓആദ്യമൊക്കെ നിശബ്ദമായി അവർ പറയുന്ന കാര്യങ്ങൾ കേട്ടുകൊണ്ടിരുന്നു. പക്ഷേ, അവരിൽനിന്ന് കൂടുതൽ സമ്മർദ്ദമുണ്ടായപ്പോൾ സഅ്ദ്ؓപറഞ്ഞു:'ഈ സമയമേതാണെന്നാൽ, സത്യത്തിന്റേയും നീതിയുടേയും കാര്യത്തിൽ ഏതെങ്കിലും ശകാരിക്കുന്നവന്റെ ശകാരത്തെ വകവെക്കുന്ന സമയമല്ല ഇത്.' ഈ മറുപടി കേട്ട് അവർ നിശബ്ദരായി. നബിﷺതിരുമേനിയുടെ അടുത്ത് സഅ്ദ്ؓ എത്തിയപ്പോൾ അവിടന്ന് സ്വഹാബത്തിനോടു പറഞ്ഞു:"ഖൂമൂ ഇല സയ്യിദിക്കും നിങ്ങളുടെ നേതാവിനുവേണ്ടി എഴുന്നേൽക്കുകയും യാത്രാവാഹനത്തിൽനിന്നിറങ്ങാൻ അദ്ദേഹത്തെ സഹായിക്കുകയും ചെയ്യുക." സഅ്ദ്ؓയാത്രാവാഹനത്തിൽ നിന്നിറങ്ങി നബിﷺതിരുമേനിയുടെ അടുത്ത് പോയി. അപ്പോൾ അവിടന്ന് സഅ്ദിനോടു പറഞ്ഞു:സഅ്ദേ!ബനൂഖുറയ്ള//ള താങ്കളെ വിധികർത്താവായി അംഗീകരിച്ചിരിക്കുകയാണ്. അവരെ സംബന്ധിച്ച് താങ്കൾ എന്തുവിധിച്ചാലും അവർക്ക് സമ്മതമായിരിക്കും."

അപ്പോൾ സഅ്ദ് തന്റെ ഗോത്രമായ ഔസിലെ ആളുകളുടെ നേരെ ദൃഷ്ടി ഉയർത്തിക്കൊണ്ടു പറഞ്ഞു: **അലയ്ക്കും ബി ദാലിക്ക അഹ്ദുല്ലാഹി വ മീഥാഖുഹു ഇന്നൽ ഹുക്മ ഫീഹിം ബിമാ ഹകംത്തു** നിങ്ങൾ ദൈവത്തെ ഹാളിറും നാളിറുമെന്ന് അറിഞ്ഞുകൊണ്ട് ഇങ്ങനെ ഉറച്ച പ്രതിജ്ഞ ചെയ്യുന്നുണ്ടോ? നിങ്ങളെന്തുതന്നെയായാലും ഞാൻ ബനൂഖുറയ്ളയെ സംബന്ധിച്ച് വിധിക്കുന്നത് പ്രവർത്തിക്കാൻ ബാധ്യസ്ഥരായിരിക്കുമോ? ആളുകൾ പറഞ്ഞു, ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. പിന്നീട് നബിﷺതിരുമേനി ഇരുന്നിരുന്ന വശത്തേക്ക് ആംഗ്യം കാണിച്ചുകൊണ്ട് സഅ്ദ്ؓപറഞ്ഞു: വ അലാ മൻ ഹാഹുനാ ഇവിടെ ഇരിക്കുന്ന ഇദ്ദേഹവും എന്തൊക്കെയായാലും എന്റെ വിധിയനുസരിച്ച് പ്രവർത്തിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നുണ്ടോ?"നബിﷺതിരുമേനി പറഞ്ഞു: അതേ, ഞാൻ വാഗ്ദാനം ചെയ്യുന്നു. ഈ പരസ്പര പ്രതിജ്ഞയ്ക്കുശേഷം സഅ്ദ്ؓതന്റെ വിധി കേൾപ്പിച്ചു. അതിങ്ങനെയായിരുന്നു:

"ബനൂഖുറയ്ളയിലെ പട്ടാളക്കാരെയെല്ലാം വധിക്കുക. അവരുടെ സ്ത്രീകളേയും കുട്ടികളേയും തടവിലാക്കുക. അവരുടെ സ്വത്തുവകകൾ മുസ്‌ലിമീങ്ങളിൽ വിതരണം ചെയ്യുക."

നബിﷺതിരുമേനി ഈ വിധികേട്ടപ്പോൾ അനൈച്ഛികമായ പറഞ്ഞു: 'ലഖദ് ഹകംത്ത ബി ഹുക്മില്ലാഹി താങ്കളുടെ ഈ വിധി ഒരു ദൈവികവിധിയാണ്. അത് നീങ്ങിപ്പോകുകയില്ല. ഈ വാക്കുകൾകൊണ്ട് അവിടന്ന് ഉദ്ദേശിച്ചത് ബനൂഖുറയ്ളയെ സംബന്ധിച്ചുള്ള ഈ വിധിയിൽ ദൈവികമായ നിയന്ത്രണം ഉണ്ടായിരിക്കുന്നത് വ്യക്തമായ നിലയിൽ എനിക്കു കാണാൻ കഴിയുന്നു'എന്നാണ്. അതുകൊണ്ട് അവിടത്തെ കരുണാവികാരം അതിന് തടസ്സം നിൽക്കുമായിരുന്നില്ല. ഇത് യഥാർഥത്തിൽ ശരിയുമായിരുന്നു. കാരണം ബനൂഖുറയ്ളയെ കുറിച്ച് ആലോചിക്കാൻ അബൂലുബാബയെ വിളിച്ചതും അബൂലുബാബയുടെ വായിൽനിന്ന് അങ്ങേയറ്റം അടിസ്ഥാനരഹിതമായൊരു കാര്യം പുറത്തുവന്നതും പിന്നീട് നബിﷺതിരുമേനിയെ വിധികർത്താവാക്കുന്നതിനെ ഖുറയ്ളഗോത്രം നിഷേധിച്ചതും ഔസ് ഗോത്രത്തിലെ ആളുകൾ തങ്ങളുടെ സഖ്യകക്ഷിയാണെന്നു തങ്ങളോടു വിട്ടുവീഴ്ച ചെയ്യുമെന്ന് ധരിച്ചതും ഔസ് ഗോത്രനേതാവായ സഅ്ദ് ബിൻ മുആദിനെ തങ്ങളുടെ വിധികർത്താവാക്കിയതും പിന്നീട് സഅ്ദ്ؓസത്യത്തിന്റേയും നീതിയുടേയും വഴിയിൽ ഉറച്ചുനിന്നതും പക്ഷപാതത്തിന്റേയും സൈനികനീക്കത്തിന്റേയും വിചാരം അദ്ദേഹത്തിന്റെ മനസ്സിൽനിന്ന് തികച്ചും മാഞ്ഞുപോയതും അവസാനമായി സഅ്ദ്ؓവിധി പുറപ്പെടുവിക്കുന്നതിനുമുമ്പേ നബിﷺതിരുമേനിയിൽനിന്ന് തന്റെ വിധിയനുസരിച്ച് പ്രവർത്തിക്കുമെന്ന പ്രതിജ്ഞ വാങ്ങിയതുമെല്ലാം യാദൃച്ഛികമായിരുന്നില്ല. തീർച്ചയായും അതിന്റെ പിന്നിൽ അല്ലാഹുവിന്റെ വിധി അതിന്റെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു.'*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 599-601)*

സഅ്ദ് ബിൻ മുആദിന്റെؓവിധി നടപ്പാക്കുന്നതിനെക്കുറിച്ച് വീണ്ടും എഴുതുന്നു: 'ഹദ്റത്ത് സഅ്ദ്ؓവിധി പുറപ്പെടുവിച്ചു കഴിഞ്ഞപ്പോൾ നബിﷺതിരുമേനി ദുൽഹജ്ജ് 9-ന് വ്യാഴാഴ്ച മദീനയിൽ തിരിച്ചുവന്നു. ദുൽഹജ്ജ് 9-നാണ് തിരിച്ചുവന്നതെന്ന് ഒരു നിവേദനത്തിലുണ്ട്. നബിﷺതിരുമേനി ദുൽഹജ്ജ് 7-നാണ് മദീനയിൽ തിരിച്ചെത്തിയതെന്ന് ഇബ്നു സഅ്ദ്ؓഎഴുതിയിരിക്കുന്നു. അത് വ്യാഴാഴ്ചയായിരുന്നു. തടവുകാരെയെല്ലാം മദീനയിൽ കൊണ്ടുവരാൻ കൽപ്പന പുറപ്പെടുവിച്ചു. നബിﷺതിരുമേനിയുടെ കൽപ്പനയനുസരിച്ച് തടവുകാരെ ഹദ്റത്ത് ഉസാമ ബിൻ സയ്ദിന്റെ വീട്ടിൽ കൊണ്ടുവന്നു. സ്ത്രീകളേയും കുട്ടികളേയും ഹദ്റത്ത് റംല ബിൻത് ഹാരിഥിന്റെ വീട്ടിലാണ് കൊണ്ടുവന്നത്. അവരെല്ലാവരേയും ഹദ്റത്ത് റംല ബിൻത് ഹാരിഥിന്റെ വീട്ടിൽ തടവിലാക്കി എന്നും പറയുന്നുണ്ട്. അവർക്കുവേണ്ടി ഈത്തപ്പഴം കൊണ്ടുവരാൻ നബിﷺതിരുമേനി കൽപ്പിച്ചപ്പോൾ അത് മുഴുവൻസ്ഥലത്തും വിതറപ്പെട്ടു. ആളുകൾ ധാരാളം ഈത്തപ്പഴങ്ങൾ കൊണ്ടുവന്നു. യഹൂദികൾ രാത്രി മുഴുവൻ സ്വതന്ത്രമായി അത് ഭക്ഷിച്ചുകൊണ്ടിരുന്നു. ആയുധങ്ങളും സാധനസാമഗ്രികളും വസ്ത്രങ്ങൾ തുടങ്ങിയവയും ഹദ്റത്ത് റംലയുടെ വീട്ടിൽ കൊണ്ടുവരാൻ കൽപ്പിച്ചു. ഒട്ടകങ്ങളേയും ആടുകളേയും മരങ്ങളുടെ താഴെ മേയാൻ വിട്ടു. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 11-12 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)(ത്വബഖാത്തുൽകുബ്റാ വാള്യം 2, പേജ് 58, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓപറയുന്നു: 'ബനൂഖുറയ്ളയുടെ പ്രതിജ്ഞാലംഘനവും വിശ്വാസ വഞ്ചനയും രാജ്യദ്രോഹവും കലഹമുണ്ടാക്കലും ഉപദ്രവമുണ്ടാക്കലും കൊല നടത്തലും രക്തമൊഴുക്കലുമൊക്കെ കാരണത്താൽ ദൈവിക കോടതിയിൽനിന്ന് ഈ വിധി പുറപ്പെടുവിച്ചു കഴിഞ്ഞിരുന്നതാണ്. അതായത് അവരിലെ പട്ടാളക്കാരെ ലോകത്തുനിന്ന് ഉന്മൂലനം ചെയ്യാൻ! നബിﷺതിരുമേനിക്ക് ഈ യുദ്ധത്തെ കുറിച്ച് തുടക്കത്തിലുണ്ടായ അദൃശ്യമായ ഉത്സാഹവും അതാണ് പ്രകടിപ്പിക്കുന്നത്. അതായത് അതൊരു ദൈവിക പദ്ധതിയാണെന്ന്! എന്നാൽ, തന്റെ റസൂൽമുഖേന ഈ വിധി പുറപ്പെടുവിക്കുന്നത് അല്ലാഹുവിന് സമ്മതമല്ലായിരുന്നു. അതുകൊണ്ട് അവൻ അങ്ങേയറ്റം അദൃശ്യപരമായ നിയന്ത്രണങ്ങളാൽ നബിﷺതിരുമേനിയെ തികച്ചും മാറ്റി നിറുത്തുകയും സഅ്ദ് ബിൻ മുആദ്ؓമുഖേന ഈ വിധി പുറപ്പെടുവിക്കുകയും ചെയ്തു. ആ വിധിയും എങ്ങനെയാണ് പുറപ്പെടുവിച്ചതെന്നാൽ, നബിﷺതിരുമേനിക്ക് ഒരിക്കലും അതിൽ കൈകടത്താൻ പറ്റാത്തനിലയിലാണ് വിധിയുണ്ടായത്. കാരണം നബിﷺതിരുമേനി എന്തായാലും വിധി പാലിക്കുമെന്ന് വാഗ്ദാനം ചെയ്തു കഴിഞ്ഞിരിക്കുന്നു. അതായത് സഅ്ദ് എന്തുവിധി പുറപ്പെടുവിച്ചാലും താനത് പാലിക്കുന്നതായിരിക്കും. നബിﷺതിരുമേനിക്കെതിരെ ആക്ഷേപമുന്നയിക്കുന്നവർ ചിലപ്പോൾ അവിടന്ന് ബനൂഖുറയ്ളയുടെമേൽ അതിക്രമം ചെയ്തുവെന്ന് പറഞ്ഞ് നമ്മുടെ യുവാക്കളിലും വിഷം കലർത്താറുണ്ട്. നബിﷺതിരുമേനി ആ വിധി പുറപ്പെടുവിച്ചിട്ടില്ലെന്നത് അതിനുള്ള വ്യക്തമായ മറുപടിയാണ്. അല്ലാഹു അവരുടെ സഖ്യകക്ഷിയെകൊണ്ടാണ് വിധി പുറപ്പെടുവിച്ചത്. അദ്ദേഹം നബിﷺതിരുമേനിയെക്കൊണ്ടും ഉറച്ച പ്രതിജ്ഞ ചെയ്യിച്ചിരുന്നു

എന്തായാലും ഈ വിധിയുടെ സ്വാധീനവും അവിടത്തെ വ്യക്തിത്വത്തിൽ മാത്രമല്ല പതിഞ്ഞിരുന്നത്. പ്രത്യുത മുഴുവൻ മുസ്‌ലിമീങ്ങളുടേയും മേലാണ് പതിഞ്ഞിരുന്നത്. അതിനാൽ, അവിടന്ന് തന്റെ അഭിപ്രായംകൊണ്ട്, എത്രമാത്രം അലിവിലേക്കും കനിവിലേക്കും ചാഞ്ഞാലും ഈ വിധിയെ മാറ്റുന്നത് തന്റെ കടമയായി മനസ്സിലാക്കിയില്ല. ഇതായിരുന്നു ദൈവത്തിന്റെ നിയന്ത്രണം. ഇതിന്റെ ശക്തിപ്രഭാവംകൊണ്ട് സ്വാധീനിക്കപ്പെട്ട് ആ മഹാത്മാവിന്റെ വായിൽനിന്ന് അനിയന്ത്രിതമായ നിലയിൽ ഈ വാക്കുകൾ പുറപ്പെടുകയാണുണ്ടായത്: **ഖദ് ഹകംത്ത ബി ഹുക്മില്ലാഹ്!** അതായത് സഅ്ദേ! താങ്കളുടെ ഈ വിധി ദൈവികവിധിയാണെന്ന് മനസ്സിലാകുന്നു. അതിനെ മാറ്റാൻ ആർക്കും കഴിയില്ല.

ഈ വാക്കുകൾ പറഞ്ഞുകൊണ്ട് നബിﷺതിരുമേനി നിശബ്ദനായി അവിടെ നിന്നെഴുന്നേറ്റു. നഗരത്തിൽ വന്നു. ആ നേരത്ത്, വിശ്വസിക്കണമെന്ന് തന്റെ മനസ്സിൽ വലിയ ആഗ്രഹമുണ്ടായിരുന്ന ഒരു ജനത അവരുടെ ദുഷ്ചെയ്തികൾ കാരണത്താൽ നിഷേധിക്കപ്പെട്ട് ദൈവികമായ കോപത്തിനും ശിക്ഷയ്ക്കും അടയാളമായിത്തീർന്നിരിക്കുന്നുവെന്നോർത്ത് ആ മഹാത്മാവിന്റെ മനസ്സ് വേദനിക്കുകയായിരുന്നു. ഈ അവസരത്തിലാണെന്ന് തോന്നുന്നു അവിടന്ന് ദുഃഖമയമായ ഈ വാക്കുകൾ പറഞ്ഞത്: **ലൗ ആമന ബീ അശറത്തുൻമ്മിനൽ യഹൂദി വലാ മനത്ത് ബിയൽയഹൂദു.** യഹൂദികളിൽ നിന്ന് അന്തസ്സുള്ള പത്തുപേർ എന്നിൽ വിശ്വസിച്ചിരുന്നെങ്കിൽ ആ ജനത മുഴുവൻ എന്നെ വിശ്വസിക്കുമായിരുന്നുവെ

ന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് അവർ രക്ഷപെടുമായിരുന്നു. അവിടെനിന്നെഴുന്നേറ്റുകൊണ്ട് നബിﷺതിരുമേനി കൽപ്പിച്ചു: ബനൂഖുറയ്ളയിലെ പുരുഷന്മാരേയും സ്ത്രീകളേയും കുട്ടികളേയും വെവ്വേറെയാക്കുക. അങ്ങനെ രണ്ടുസംഘങ്ങളേയും വെവ്വേറെയാക്കി. മദീനയിൽ കൊണ്ടുവന്നു. നഗരത്തിൽ അവരെ വേറെ വേറെതന്നെ പാർപിച്ചു. നബിﷺതിരുമേനിയുടെ കൽപ്പനയനുസരിച്ച് സ്വഹാബ (അവരിലധികപേർക്കും കഠിനമായ വിശപ്പുണ്ടായിരുന്നു)ബനൂഖുറയ്ളകാർക്ക് ഭക്ഷിക്കുന്നതിന് ഈത്തപ്പഴങ്ങളുടെ കൂമ്പാരം കൊണ്ടുവന്നു. എഴുതിയിരിക്കുന്നു:'യഹൂദികൾ രാത്രിമുഴുവൻ ഈത്തപ്പഴം തന്നുന്നതിൽ വ്യാപൃതരായിരുന്നു." *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്رضی اللہ عنہ എം.എ. പേജ് 601-602)*

നേരം വെളുത്തപ്പോൾ മദീനയിലെ ഒരു അങ്ങാടിയിൽ കുഴിയെടുക്കാൻ കൽപ്പനകൊടുത്തു. അത് അബൂജഹ്മ അദ്‌വിയുടെ വീട് അഹ്ജാറുസ്സയ്ത്തുവരെ കുഴിക്കപ്പെട്ടു. പിന്നീട് നബിﷺതിരുമേനിയും ആ മഹാത്മാവിനോടൊപ്പം മറ്റുചില സ്വഹാബാക്കളും അവിടെ ഇരുന്നിരുന്നു. അവിടന്ന് ബനൂഖുറയ്ളയിലെ പുരുഷന്മാരെ വിളിച്ചു. അവരെ സംഘമായാണ് കൊണ്ടുവന്നിരുന്നത്. ആ കുഴിയിൽവെച്ച് അവരെ വധിച്ചു. അവരെകൊണ്ടുപോകുമ്പോൾ അവർ കഅ്ബ് ബിൻ അസദിനോടു പറഞ്ഞു: 'എന്താണ് നിന്റെ അഭിപ്രായം? മുഹമ്മദുറസൂലുല്ലാഹ് എന്താണ് ചെയ്യുന്നത്?' അയാൾ പറഞ്ഞു: 'നിനക്കെന്താണോ ചീത്തയായി തോന്നിയത് അതാണ് ചെയ്യുന്നത്.' കഅ്ബ് ബിൻ അസദിനോടു ആളുകൾ പറഞ്ഞു:'നിങ്ങൾക്ക് നല്ലതെന്ന് തോന്നാത്തതാണ് ചെയ്യുന്നത്. താങ്കളിൽ നാശമുണ്ടാകട്ടെ. നീ ഒരവസ്ഥയിലും മനസ്സിലാക്കുന്നില്ല. വിളിക്കുന്നവൻ വിടുന്നില്ല. പോകുന്നവൻ തിരിച്ചുവരുന്നതുമില്ല. അവന് അല്ലാഹുവാണെ സത്യം! വാളാണ്. അതായത് ഇനി നിങ്ങളുടെ ജീവിതം ബാക്കിയാവാൻ ഒരു സാധ്യതയുമില്ല. ഞാൻ നിങ്ങളെ ഇതിനുപുറമെയുള്ളതിലേക്ക് വിളിച്ചിരുന്നു. പക്ഷേ, നിങ്ങൾ നിഷേധിച്ചു. യഹൂദികൾ പറഞ്ഞു:'ഇത് കോപിക്കേണ്ട നേരമല്ല. ഞങ്ങൾ നിങ്ങളുടെ അഭിപ്രായം സ്വീകരിച്ചിരുന്നെങ്കിൽ, ഞങ്ങൾക്കും മുഹമ്മദ്ﷺനും ഇടയിലുള്ള ഉടമ്പടി ലംഘിച്ചവരാകുമായിരുന്നില്ല. ഹുയയ്യുബ്നു അഖ്ത്വബ് പറഞ്ഞു;ഇനി ഈ ശകാരമെല്ലാം വിട്ടുകളയുക. ഇനി നിങ്ങളിൽനിന്ന് ഒന്നും അകറ്റപ്പെടുകയില്ല. ഈ വാളിനുവേണ്ടി ക്ഷമിച്ചിരിക്കുക.' ഹദ്റത്ത് അലിയും ഹദ്റത്ത് സുബയ്ർ ബിൻ അവ്വാമും യഹൂദികളെ വധിക്കാൻ നിയമിക്കപ്പെട്ടു. ചില നിവേദനങ്ങളനുസരിച്ച് കുറച്ചു തടവുകാരെ വധിക്കാൻ വിവിധ സ്വഹാബാക്കൾക്കും വീതിച്ചു കൊടുത്തു. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 12 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)*

ഇതിന്റെ വിശദീകരണം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എرضی اللہ عنہ ഇങ്ങനെ എഴുതിയിരിക്കുന്നു:"രണ്ടാം ദിവസം രാവിലെ സഅ്ദ് ബിൻ മുആദിന്റെ വിധി നടപ്പിലാക്കേണ്ടതുണ്ടായിരുന്നു. ഇതിനു തയ്യാറായ കുറച്ചാളുകളെ നബിﷺതിരുമേനി നിശ്ചയിച്ചിരുന്നു. അവിടന്നുതന്നെയും അടുത്തുതന്നെ ഒരിടത്തിരുന്നു. വധശിക്ഷ നടപ്പാക്കുന്ന നേരത്ത് ഏതെങ്കിലും തരത്തിലുള്ള ആവശ്യമുണ്ടായാൽ, നബിﷺതിരുമേനിയുടെ മാർഗദർശനം ആവശ്യമായി വന്നാൽ പെട്ടന്ന് അതു പരിഹരിക്കുന്നതിനായിരുന്നു അങ്ങനെ ഇരുന്നത്. ഇപ്രകാരംതന്നെ ഏതെങ്കിലും കുറ്റവാളിയെ സംബന്ധിച്ച് ആരിലെങ്കിലുംനിന്ന് വല്ല ദയയുടെ അപ്പീലും വന്നിട്ടുണ്ടെങ്കിൽ അതിൽ നബിﷺതിരുമേനിക്ക് പെട്ടെന്ന് തീരുമാനം എടുക്കേണ്ടിയിരുന്നു. കാരണം സഅ്ദിന്റെ വിധിയുടെ അപ്പീൽ നിയമപരമായ നിലയിൽ അദ്ദേഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കാൻ സാധിക്കുമായിരുന്നില്ല. എന്നാൽ, ഒരു രാജാവ് അല്ലെങ്കിൽ ജനാധിപത്യത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ നബിﷺതിരുമേനിക്ക് ഏതൊരാളെ സംബന്ധിച്ചും ഏതെങ്കിലും പ്രത്യേക കാരണത്തിന്റെ അടിസ്ഥാനത്തിൽ ദയാഹർജി തീർച്ചയായും കേൾക്കാൻ കഴിയുമായിരുന്നു. അവിടന്ന് കരുണയുടെ തേട്ടമനുസരിച്ച് കുറ്റവാളികളെ ഓരോരുത്തരായി കൊണ്ടുവന്ന് വധിക്കാൻ കൽപ്പിച്ചു. അതായത് ഒരു കുറ്റവാളിയെ വധിക്കുമ്പോൾ മറ്റൊരു കുറ്റവാളി അടുത്തുണ്ടാകരുത്. അതിനാൽ ഓരോ കുറ്റവാളിയേയും വെവ്വേറെയാണ് കൊണ്ടുവന്നത്. സഅ്ദിന്റെ കൽപ്പനയനുസരിച്ചാണ് അവരെ വധിച്ചത്."

നളീർ ഗോത്രത്തിന്റെ നേതാവായ ഹയയ്യുബ്നു അഖ്ത്വബ് വന്നപ്പോൾ നബിﷺതിരുമേനിയെ നോക്കിക്കൊണ്ടു പറഞ്ഞു;"അല്ലാഹുവിന്റെ കൽപ്പനയ്ക്കുമുമ്പിൽ ഒരു രക്ഷയുമില്ല. ഇത് അവന്റെ കൽപ്പനയും വിധിയുമാണ്."

ഇപ്രകാരം 'ഖുറയ്ളഗോത്രത്തിന്റെ നേതാവായ കഅ്ബ് ബിൻ അസദിനെ വധസ്ഥലിയിൽ കൊണ്ടുവന്നപ്പോൾ നബിﷺതിരുമേനി ആംഗ്യത്തിലൂടെ ഇസ്‌ലാം സ്വീകരിക്കാൻ പറഞ്ഞു. അയാൾ പറഞ്ഞു:അബുൽഖാസിമേ!ഞാൻ മുസ്‌ലിമാകുമായിരുന്നു. എന്നാൽ, ഇവൻ മരണത്തെ ഭയപ്പെട്ടുവെന്ന് ആളുകൾ പറയും. അതുകൊണ്ട് എന്നെ യഹൂദമതത്തിൽ മരിക്കാൻ വിടുക."

റുഫാഅ എന്ന യഹൂദി മാപ്പു ചോദിച്ച സംഭവവും ലഭിക്കുന്നുണ്ട്. ഇതു സംബന്ധമായി ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്رضی اللہ عنہ എഴുതുന്നു:'റുഫാഅ എന്നു പേരുള്ള മറ്റൊരു യഹൂദിയുമുണ്ടായിരുന്നു. അയാൾ ഒരു ദയാദാക്ഷിണ്യമുള്ള മുസ്‌ലിം സ്ത്രീയോടു കേണപേക്ഷിച്ചുകൊണ്ട് തനിക്കുവേണ്ടി ശിപാർശ ചെയ്യാൻ അവരെ കൊണ്ടുവന്നു. നബിﷺതിരുമേനി ആ മുസ്‌ലിം സ്ത്രീയുടെ ശിപാർശ സ്വീകരിച്ചുകൊണ്ട് അയാൾക്ക് മാപ്പു കൊടുത്തു.' ചുരുക്കത്തിൽ ആ നേരത്ത് ആർക്കുവേണ്ടി ശിപാർശചെയ്താലും നബിﷺതിരുമേനി പെട്ടെന്നുതന്നെ അവർക്ക് മാപ്പു കൊടുക്കുമായിരുന്നു. ഇതിൽനിന്ന് തെളിയുന്നത് നബിﷺതിരുമേനി സഅ്ദിന്റെ കൽപ്പന പാലിക്കാൻ നിർബന്ധന്ധിതനായിരുന്നുവെന്നാണ്. അവിടത്തെ മനസ്സിന്റെ ചായ്‌വ് ഒരിക്കലും അവരെ വധിക്കുന്നതിലേക്കായിരുന്നില്ല. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്رضی اللہ عنہ എം.എ. പേജ് 602)*

ഇത് നബിﷺതിരുമേനി അക്രമം ചെയ്തു എന്ന ആക്ഷേപത്തിനുള്ള വലുതും വ്യക്തവുമായ മറുപടിയാണ്. ഇപ്രകാരം ഉണ്ടായിക്കൊണ്ടേയിരുന്നു. അതായത് ബനൂഖുറയ്ളയിലെ പുരുഷന്മാരെ വധിച്ചുകൊണ്ടിരുന്നു. അവസാനം നബിﷺതിരുമേനി അതിൽനിന്ന് വിരമിച്ചു. സന്ധ്യാനേരത്ത് ആകാശത്ത് കാണുന്ന ചെമപ്പുനിറം അപ്രത്യക്ഷമാകുന്നതുവരെ വധശിക്ഷ നടപ്പിലാക്കിക്കൊണ്ടിരുന്നു. പിന്നീട് കുഴികൾ മണ്ണിട്ടുമൂടി. ഇതെല്ലാം ഹദ്റത്ത് സഅ്ദ് ബിൻ മുആദ്رضی اللہ عنہ ന്റെ കണ്ണുകൾക്കു മുമ്പിലാണ് നടന്നത്. അല്ലാഹു അദ്ദേഹത്തിന്റെ ദുആ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ കണ്ണിന് കുളിർമ ലഭിക്കുകയും ചെയ്തു.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 13 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്1993)*

ചരിത്രപരമായ നിവേദനങ്ങളനുസരിച്ച് സ്ത്രീകളിൽനിന്ന് നുബാത്തായെ മാത്രമാണ് വധിച്ചത്.അവർ ഖുറയ്ള ഗോത്രത്തിലെ ഒരാളായ ഹക്കമിന്റെ ഭാര്യയായിരുന്നു. അവർ ഒരു സ്വഹാബിയായ ഹദ്റത്ത് ഖല്ലാദ്رضی اللہ عنہ നെ അദ്ദേഹം ബനൂഖുറയ്ളയുടെ കോട്ടമതിലിനോടടുത്ത് ഇരിക്കുകയായിരുന്നു. അപ്പോൾ മുകളിൽനിന്ന് കല്ലെറിഞ്ഞാണ് വധിച്ചത്. അതിനുള്ള ശിക്ഷയായിരുന്നു അത്. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 13,14 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്).* പക്ഷേ, ചില ചരിത്രരചയിതാക്കൾ ഈ നിവേദനത്തോടു യോജിക്കുന്നില്ല. അവരുടെ നോട്ടത്തിൽ നളീർഗോത്രം അല്ലെങ്കിൽ ഖയ്ബറിലെ ചില നിവേദനങ്ങൾ ഈ സംഭവ

• ഹദീഥുന്നബ്‌വിﷺ •

"അസ്സ്വബ്റു രിളൻ."
വിധിയിൽ തൃപ്തിപ്പെടുന്നതിനാണ് ക്ഷമ എന്നു പറയുന്നത്.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വിﷺ •

"അൽമത്ഊനു ശഹീദുൻ."
പ്ലേഗ് ബാധിച്ച് മരിക്കുന്നവൻ ശഹീദാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ത്തോടു കൂടിക്കലർന്ന കാരണത്താലും മറ്റു ചില തെളിവുകൾ കാരണത്താലും ആ സ്ത്രീയുടെ വധസംഭവം ശരിയല്ലെന്നാണ്. വല്ലാഹു അഅ്‌ലം.*(അസ്സ്വഹീഹ് മിൻ സീറത്തുന്നബിയിൽഅഅ്ളംﷺപേജ് 136-137, വാള്യം 12, പ്രസാധനം അൽമർക്കസുൽഇസ്‌ലാമി ലിദ്ദറാസാത്ത്)*

റയ്ഹാന ബിൻത് സയ്ദ് നളരിയ്യായുടെ സംഭവവും ലഭിക്കുന്നുണ്ട്. ഖുറയ്ള്വഗോത്രത്തിലെ തടവുകാരായ സ്ത്രീകളും കുട്ടികളും മദീനയിലെ മുസ്‌ലിമീങ്ങളിൽ വിതരണം ചെയ്യപ്പെട്ടു. അവരിൽ നളീർ ഗോത്രത്തിലെ ഒരു സ്ത്രീ റയ്ഹാന ബിൻത് സയ്ദുമുണ്ടായിരുന്നു. ഖുറയ്ള്വ ഗോത്രത്തിൽ ഹക്കം എന്നുപേരുള്ള ഒരാളുമായി അവരുടെ വിവാഹം നടന്നിരുന്നു. നബിﷺതിരുമേനി തനിക്കുവേണ്ടി അവരെ തിരഞ്ഞെടുത്തു. ചിലർ പറയുന്നത് അവർ ഇസ്‌ലാംമതം സ്വീകരിച്ചിരുന്നുവെന്നാണ്. ചിലർ പറയുന്നത് നബിﷺതിരുമേനി അവരെ ഭൃത്യയായി വെക്കുകയാണ് ചെയ്തതെന്നാണ്. ചിലർ പറയുന്നത് അവരെ നബിﷺതിരുമേനി വിവാഹം ചെയ്തിരുന്നുവെന്നാണ്. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 15 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 7, പേജ് 428-429, ദാറുസ്സലാം രിയാള് 1435 ഹിജ്റ)*

പലതരത്തിലുള്ള നിവേദനങ്ങളുണ്ട്. ഏതാണ് സത്യം, ഏതാണ് തെറ്റ്. പിന്നീട് അതിന്റെ വിശദീകരണവുമുണ്ടാകുന്നു. ഈ നിവേദനങ്ങളിൽ ഗവേഷണം നടത്തുമ്പോൾ ചരിത്രരചയിതാക്കൾക്ക് അതിൽ അബദ്ധം പിണഞ്ഞിട്ടുണ്ടെന്ന് മനസ്സിലാകുന്നു. ഒന്നാമതായി ഈ നിവേദനങ്ങൾത്തന്നെ സംഭവവിരുദ്ധവും കറ്റുകെട്ടിയുണ്ടാക്കിയിട്ടുള്ളതുമാണ്. അതിലെന്തങ്കിലും യാഥാർഥ്യമുണ്ടെങ്കിൽത്തന്നെ നബിﷺതിരുമേനി അവരെ സ്വതന്ത്രയാക്കിയിരുന്നു എന്നതാണ്. അവർ മാതൃഗൃഹത്തിലേക്ക് മടങ്ങിപ്പോകുകയും ചെയ്തു. അവിടെയാണ് വഫാത്തായത്. ഇതിനുവിരുദ്ധമായി ഈ നിവേദനം സമ്മതിച്ചാൽത്തന്നെയും നബിﷺതിരുമേനി അവരെ വിവാഹം കഴിച്ചിരുന്നു. അല്ലാതെ ഭൃത്യ എന്ന നിലയിൽ വെച്ചിട്ടില്ല.

ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എؓഇതിന്റെ വിശദീകരണത്തിൽ 'റയ്ഹാനയുടെ തെറ്റായ സംഭവം' എന്ന ശീർഷകത്തിൽ എഴുതിയിരിക്കുന്നു:

"ചില ചരിത്രകാരന്മാർ എഴുതുന്നു:'ഖുറയ്ള്വ ഗോത്രത്തിലെ തടവുകാരിലുണ്ടായിരുന്ന ഒരു സ്ത്രീയായിരുന്നു റയ്ഹാന. ഇവരെ നബിﷺതിരുമേനി ഭൃത്യ എന്ന നിലയിൽ തന്റെ അടുത്തു വെച്ചിരുന്നു. ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സർ വില്യം മ്യൂർ ഇവിടെ നബിﷺതിരുമേനിയ്ക്കെതിരിൽ ഹൃദയത്തെ വ്രണപ്പെടുത്തുന്ന പരിഹാസമാണ് നടത്തിയിട്ടുള്ളത്. എന്നാൽ, അതിന്റെ യാഥാർഥ്യമിതാണ്:ഈ നിവേദനം അടിമുടി തെറ്റും അടിസ്ഥാനരഹിതവുമാണ്. ഒന്നാമതായി സ്വഹീഹ് ബുഖാരിയിലെ മുകളിൽപ്പറഞ്ഞ നിവേദനത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നത് നബിﷺതിരുമേനി ഖുറയ്ള്വ ഗോത്രത്തിലെ തടവുകാരെ സ്വഹാബാക്കൾക്ക് വീതിച്ചു കൊടുത്തിരുന്നുവെന്നാണ്. ഇത് പ്രസ്തുത നിവേദനം തെറ്റാണെന്ന് സ്ഥാപിക്കുന്നു. നബിﷺതിരുമേനി ഏതെങ്കിലും തടവുകാരിയെ തന്റെ വീടിനായി മാറ്റി നിറുത്തിയെങ്കിൽ സ്വാഭാവികമായും ആ അവസരത്തിൽ ബുഖാരിയിലെ നിവേദനത്തിൽ അതിനെക്കുറിച്ച് പറയുമായിരുന്നു. എന്നാൽ, ബുഖാരിയിൽ അതിന്റെ സൂചനപോലുമില്ല. ഇതിനുപുറമെ മറ്റു സ്വഹീഹായ നിവേദനങ്ങളിൽനിന്ന് വ്യക്തമായ നിലയിൽ സ്ഥാപിതമാകുന്നത് റയ്ഹാനത്ത്, നബിﷺതിരുമേനി ഔദാര്യമെന്ന നിലയിൽ വിട്ടയച്ച സ്ത്രീകളിൽപ്പെട്ടവരായിരുന്നുവെന്നാണ്. ഇതിനുശേഷം റയ്ഹാനത്ത് മദീനയോടു വിടപറഞ്ഞ് തന്റെ മാതൃഗൃഹത്തിൽപ്പോകുകയായിരുന്നു. പിന്നീട് അവിടെ താമസിക്കുകയും ചെയ്തു. അല്ലാമ ഇബ്നു ഹജർ-ഇദ്ദേഹം ഇസ്‌ലാമിലെ ഉന്നതരായ ഗവേഷകരിൽപ്പെട്ടയാളാണ്-ഈ നിവേദനം സ്വഹീഹാണെന്ന് പറഞ്ഞിരിക്കുന്നു. പക്ഷേ, ഇനി ഇത് സമ്മതിച്ചാൽത്തന്നെ അതായത് റയ്ഹാനത്തിനെ നബിﷺതിരുമേനി തന്റെ സംരക്ഷണത്തിലെടുത്തിരുന്നുവെന്ന് സമ്മതിച്ചാൽത്തന്നെ അപ്പോഴും തീർച്ചയായും അവർ നബിﷺതിരുമേനിയുടെ ഭാര്യയായിരുന്നു. അല്ലാതെ ഭൃത്യയായിരുന്നില്ല. നബിﷺതിരുമേനി അവരെ തന്റെ സംരക്ഷണത്തിലെടുത്തുവെന്നതിനെ സംബന്ധിച്ച് നിവേദനം ചെയ്തിട്ടുള്ള ചരിത്രകാരന്മാരിലധികവും അതിനോടൊപ്പം അവിടന്ന് അവരെ സ്വതന്ത്രയാക്കി വിവാഹം കഴിച്ചുവെന്നും എഴുതിയിട്ടുണ്ട്. ഇബ്നു സഅ്ദ്ؓഒരു നിവേദനം റയ്ഹാനത്തിൽ നിന്നുതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ അവർ പറയുന്നത് നബിﷺതിരുമേനി തന്നെ സ്വതന്ത്രായാക്കിയിരുന്നുവെന്നാണ്. തനിക്കുനല്കിയ മഹ്ർ 12 ഔഖിയ, 40 ദിർഹം ആയിരുന്നുവെന്നും പറയുന്നുണ്ട്. ഇബ്നു സഅ്ദ് ഈ നിവേദനത്തിന്നെതിരിൽ സർ വില്യം മ്യൂർ അടിസ്ഥാനമാക്കിയിട്ടുള്ള രണ്ടാമത്തെ നിവേദനം വ്യക്തമായ തെറ്റാണെന്നും സംഭവവിരുദ്ധമാണെന്നും പറഞ്ഞിട്ടുണ്ട്. ബാക്കിയുള്ളതെല്ലാം സംശയാസ്പദമായ നിവേദനങ്ങളിലുള്ളതാണ്. "വീണ്ടും എഴുതിയിരിക്കുന്നു, ഇതുതന്നെയാണ് പണ്ഡിതന്മാരുടെ ഗവേഷണം. ചുരുക്കിപ്പറഞ്ഞാൽ ബുഖാരിയുടെ നിവേദനത്തിൽനിന്ന് മനസ്സിലാകുന്നതും ഇസ്വാബായിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതും നബിﷺതിരുമേനി റയ്ഹാനത്തിനെ തന്റെ സംരക്ഷണത്തിലെടുത്തിട്ടേയില്ലെന്നാണ്. പ്രത്യുത അവരെ സ്വതന്ത്രയാക്കുകയാണ് ചെയ്തത്. ഇതിനുശേഷം അവർ തന്റെ കുടുംബത്തിൽപോയി താമസിക്കാൻ തുടങ്ങി. ഇനി ഈ നിവേദനം അംഗീകരിച്ചാൽത്തന്നെയും അതായത് നബിﷺതിരുമേനി അവരെ തന്റെ രക്ഷയിലെടുത്തിരുന്നുവെന്ന് സമ്മതിച്ചാൽത്തന്നെയും നബിﷺതിരുമേനി അവരെ സ്വതന്ത്രയാക്കി വിവാഹം കഴിക്കുകയാണ് ചെയ്തത്. ഭൃത്യയാക്കിവെക്കുകയല്ലായിരുന്നു; അവരുടെതന്നെ ഒരു നിവേദനത്തിൽനിന്ന് ചിലയാളുകൾ എഴുതിയിട്ടുള്ളതുപോലെ!' അതെത്രത്തോളം ശരിയാണെന്നത് അല്ലാഹുവിനെ നന്നായി അറിയു. "ഇതിനുപുറമെ ഇക്കാര്യവും ഓർക്കേണ്ടതാണ്, റയ്ഹാനത്തിന്റെ പേരിനെ സംബന്ധിച്ചും അവരുടെ തറവാടിനെ സംബന്ധിച്ചും ഗോത്രം തുടങ്ങിയവയെ സംബന്ധിച്ചും നിവേദനങ്ങളിൽ എത്രമാത്രം അഭിപ്രായ ഭിന്നതകളാണെന്നാൽ അതായത് അവരുടെ അസ്തിത്വത്തെ സംബന്ധിച്ചു സംശയിക്കുന്നതുപോലും ബുദ്ധിപരമല്ലെന്ന് മനസ്സിലാക്കാവുന്നതാണ്. അവർ ലോകത്ത് ഏറ്റവുമധികം ചരിത്രപ്രാധാന്യമുള്ള ഒരു വ്യക്തിയുടെ ഭാര്യയാണെന്ന കാര്യം പരിഗണിക്കുമ്പോൾ പ്രത്യേകിച്ചും! വല്ലാഹു അഅ്‌ലമു."*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്‌മദ് സാഹിബ്ؓഎം.എ. പേജ് 604-605) (ലുഗാത്തുൽഹദീഥ് വാള്യം 4, പേജ് 527)*

ഗനീമത്തുമുതലിന്റെ അതായത് സമരാർജിത സ്വത്തിന്റെ വിതരണത്തെ സംബന്ധിച്ചുള്ള വിശദീകരണം ഇപ്രകാരമാണ്. ഗനീമത്തുമുതൽ ശേഖരിച്ചു കഴിഞ്ഞപ്പോൾ നബിﷺതിരുമേനി ഈത്തപ്പഴങ്ങൾ ഭാഗിച്ച് വിതരണം ചെയ്തു. ഈ യുദ്ധത്തിൽ 36 കുതിരകളുണ്ടായിരുന്നു. ഒരു കുതിരയ്ക്ക് രണ്ടുഭാഗവും കുതിരസവാരിക്കാരന് ഒരു ഭാഗവും കാൽനടക്കാരന് ഒരു ഭാഗവും നിശ്ചയിക്കപ്പെട്ടു. 1000 സ്ത്രീകളും കുട്ടികളും തടവുകാരായുണ്ടായിരുന്നു. നബിﷺതിരുമേനി ഗനീമത്തുമുതൽ വിതരണം ചെയ്യുന്നതിനു മുമ്പേ അതിന്റെ അഞ്ചിലൊന്ന് നീക്കിവെച്ചു. തടവുകാരെ അഞ്ചായി ഭാഗിച്ചു. അതിൽനിന്ന് അഞ്ചിലൊന്നു വെച്ചു. അവിടന്ന് അവരിൽനിന്ന് ചിലരെ സ്വതന്ത്രരാക്കുകയും ചിലരെ സമ്മാനമായി കൊടുക്കുകയും ചിലരെ സേവകരാക്കുകയും ചെയ്തു. ഇപ്രകാരംതന്നെ ഈത്തപ്പഴങ്ങളിൽനിന്നും അഞ്ചിലൊന്ന്

ശേഷം പേജ് 9 ൽ

• ഹദീഥുന്നബ്‌വിﷺ •

"ലാ വസ്വിയ്യത്ത ഇല്ലാ വാരിഥിൻ."
അനന്തരാവകാശികൾക്കുവേണ്ടി
വസ്വിയ്യത്ത് ചെയ്യുന്നത് നിഷിദ്ധമാണ്.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വിﷺ •

"ലാ തഉദ് ഫീ സ്വദഖത്തിക്ക."
നല്കിയ ധനം തിരിച്ചു വാങ്ങരുത്.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

ഉദ്ബോധനം

# സ്വർഗ്ഗനരകങ്ങളുടെ യാഥാർഥ്യം ഇഹലോകത്ത് മനുഷ്യർ ശിക്ഷിക്കപ്പെടുമോ?

ഹദ്റത്ത് മസീഹ് മൗഊദ്عليه السلام
(വാഗ്ദത്ത മസീഹ് മഹ്ദി)

അല്ലാഹു പ്രവാചകന്മാർ മുഖേന നമുക്ക് പറഞ്ഞുതരികയും പിന്നീടുണ്ടായ സംഭവങ്ങൾ അത് സത്യമാണെന്ന് തെളിയിക്കുകയും ചെയ്തിട്ടുള്ളതിൽനിന്ന് രക്ഷാശിക്ഷയുടെ നിയമം ഈ ലോകത്തുനിന്നുതന്നെ ആരംഭിക്കുന്ന വിധത്തിലാണ് അവൻ നിശ്ചയിച്ചിട്ടുള്ളതെന്ന് മനസ്സിലാകുന്നു. മനുഷ്യർ ചെയ്തുകൂട്ടുന്ന അക്രമങ്ങളും അധർമ്മങ്ങളും അവർ മനസ്സിലാക്കിയാലും ഇല്ലെങ്കിലും അതിന്റെ കഷ്ടവും നഷ്ടവും ഇവിടെതന്നെ ലഭിക്കുന്നു. കുറ്റവാളികൾ പശ്ചാത്താപവും പുനരാലോചനയും കൊണ്ട് തങ്ങളുടെ അവസ്ഥയിൽ വ്യക്തമായ മാറ്റമുണ്ടാക്കുന്നതിനും അല്ലാഹുമായിട്ടുള്ള ദാസത്വബന്ധം നിലനിർത്തുന്നതിൽ വന്ന വീഴ്ച ബോധപൂർവ്വം പരിഹരിക്കുന്നതിനും വേണ്ടിയാണ് ഇവിടെ ശിക്ഷ നല്കുന്നത്. ശിക്ഷ ഉണ്ടാകുമ്പോൾ ഒന്നുകിൽ അവർ അല്ലാഹുവിന്റെ സഹായത്തോടെ തന്റെ ദുർബലതകൾ ചികിത്സിച്ച് ഭേദപ്പെടുത്തുന്നു. അല്ലെങ്കിൽ അവരുടെ നിർഭാഗ്യം കൊണ്ട് അക്രമങ്ങളും അനാവശ്യങ്ങളും കൂടുതൽ ചെയ്യാൻ അവർ തന്റേടം കാണിക്കുകയും അത് കൂടിക്കൂടി ഒടുവിലവർ നരകാവകാശികളായിത്തീരുകയും ചെയ്യുന്നു. ഉപദേശം അല്ലെങ്കിൽ ഗുണപാഠം എന്ന നിലയിൽ ഈ ലോകത്ത് നല്കപ്പെടുന്ന ശിക്ഷയുടെ ഉദാഹരണം ക്ലാസുമുറിയുടേതാണ്. അശ്രദ്ധയും അലസതയും അകറ്റുന്നതിനുവേണ്ടി അധ്യാപകൻ പഠനമുറിയിൽ കുട്ടികളെ ലഘുവായി ശിക്ഷിക്കാറുണ്ട്. അറിവ് സമ്പാദിക്കുന്നതിൽനിന്ന് കുട്ടികളെ തടയുക എന്നതല്ല അധ്യാപകന്റെ ഉദ്ദേശ്യം. പ്രത്യുത അവർക്ക് നലവണ്ണം കാര്യങ്ങൾ പറഞ്ഞുകൊടുത്ത് അവരെ കൂടുതൽ ജാഗ്രത പാലിക്കുന്നവരും സമർത്ഥരുമാക്കിത്തീർക്കുക എന്നതാണ്. ഇപ്രകാരം അല്ലാഹു കുറ്റവാളികൾക്കും ദുഷ്ടാത്മാക്കൾക്കും ഈ ലോകത്ത് ലഘുവായ നിലയിൽ ശിക്ഷ കൊടുക്കുന്നത്, ആ കുറ്റകൃത്യങ്ങളുടെ ഭവിഷ്യത്തറിഞ്ഞ് അല്ലാഹുവിന്റെ പ്രതാപത്തേയും മഹത്വത്തേയും ഭയക്കുന്നതിനും അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുന്നതിനും വേണ്ടിയാണ്. എന്റെ ജമാഅത്തിന് ഞാൻ ഇത് പല പ്രാവശ്യം പറഞ്ഞുകൊടുത്തിട്ടുള്ളതാണ്. ഇപ്പോൾ വീണ്ടും വിശദീകരിക്കുന്നു. മനുഷ്യൻ ഒരു പ്രവൃത്തി ചെയ്യുമ്പോൾ അതേ തുടർന്ന് അല്ലാഹുവിൽനിന്ന് ഒരു പ്രതിപ്രവർത്തനം ഉണ്ടാകുന്നു. ഉദാഹരണത്തിന്, അളവിൽ കവിഞ്ഞ് വിഷം കഴിച്ചാൽ മരണം സംഭവിക്കുന്നു. ഇവിടെ വിഷം കഴിക്കൽ മനുഷ്യന്റെ പ്രവൃത്തിയാണ്. അപ്പോൾ അവനെ മരിപ്പിച്ചുകൊണ്ട് അല്ലാഹു അവന്റെ പ്രവൃത്തി വെളിപ്പെടുത്തി. വീടിന്റെ വാതിലുകളും ജനലുകളും അടയ്ക്കുന്ന പ്രവൃത്തി മനുഷ്യരുടേതാണ്. ആ പ്രവൃത്തി മനുഷ്യർ ചെയ്യുന്നതോടെ അല്ലാഹുവിന്റെ പ്രവൃത്തി ഇരുട്ടിന്റെ രൂപത്തിൽ വെളിപ്പെടുന്നു. ഇപ്രകാരം മനുഷ്യപ്രവൃത്തിയുടെ ഫലമെന്ന നിലയിൽ അല്ലാഹുവിന്റെ പ്രവൃത്തികൾ മുഖേന സംഭവിക്കുന്ന നിയമം ലോകത്ത് നടന്നു വരുന്നു. ഇത് ബാഹ്യപ്രവൃത്തികളുമായി ബന്ധപ്പെട്ടതും ലൗകികസംവിധാനത്തിൽ ഇതിന്റെ ഉദാഹരണങ്ങൾ നാം നിത്യവും കണ്ടുകൊണ്ടിരിക്കുന്നതുമാണ്. ഇതേ രീതിയിൽ ആന്തരികവുമായി ബന്ധപ്പെട്ട വ്യവസ്ഥിതികളുമുണ്ട്. ദൈവികശിക്ഷയെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഈ തത്ത്വം അറിഞ്ഞിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നമ്മൾ ചെയ്യുന്നത് നന്മയായാലും തിന്മയായാലും അതൊരു ഫലമുൾക്കൊള്ളുന്നുണ്ടെന്നും അത് നമ്മുടെ പ്രവൃത്തിക്കു ശേഷമാണ് വെളിപ്പെടുന്നതെന്നും ഞാൻ പറഞ്ഞുവല്ലോ.

ഇനി നിങ്ങൾക്ക് പാപത്തിന്റെ ഫലമായി നല്കപ്പെടുന്ന ശിക്ഷയും നന്മയുടെ ഫലമായി നല്കപ്പെടുന്ന നിർവൃതിയും പെട്ടെന്ന് മനസ്സിലാകുന്നതാണ്. ഞാൻ പറഞ്ഞതത്ത്വം വിവരിക്കാൻ ഇസ്‌ലാമല്ലാത്ത മറ്റെല്ലാ മതങ്ങളും തികച്ചും നിസ്സഹായരും നിരാലംബരുമാണെന്ന് ഞാൻ പൂർണ്ണ ഉൾക്കാഴ്ചയോടും വാദത്തോടും കൂടി പറഞ്ഞുകൊള്ളട്ടെ.

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ദൈവത്തിനു വേണ്ടിയാണെന്ന കാര്യം ഓരോ വിശ്വാസിയും സമ്മതിക്കുന്നതാണ്. അതുകൊണ്ട് അവന്റെ സകല സന്തോഷങ്ങളുടേയും സുഖങ്ങളുടേയും പരമമായ അവസ്ഥ അവന് ലഭ്യമാകുന്നത് ദൈവവും അടിയാനുമായി ഉണ്ടായിരിക്കേണ്ട സുദൃഢബന്ധം കുറ്റമറ്റ നിലയിൽ അവനിൽ ഉണ്ടാകുകയും പരിപൂർണ്ണമായ നിലയിൽ അവൻ അല്ലാഹുവിന്റേതായി തീരുകയും ചെയ്യുമ്പോഴാണ്. ദൈവത്വവും ദാസത്വവും തമ്മിലുള്ള ആ ബന്ധം സുദൃഢമാകാത്തിടത്തോളം അതായത്, അതിനെ പ്രവർത്തനപഥത്തിൽ കൊണ്ടുവരാത്തിടത്തോളം കാലം യഥാർത്ഥ നിർവൃതി അവന് ലഭ്യമല്ല. ദൈവത്വത്തിന്റെയും ദാസത്വത്തിന്റെയും ഇടയിലുള്ള ഈ ബന്ധം അറ്റുപോകുമ്പോൾ അതിനെ ബന്ധിപ്പിക്കുന്നതിനുവേണ്ടിയാണ് പ്രവാചകന്മാർ സമാഗതരാകുന്നത്. ഈ സുപ്രധാന ഉദ്ദേശ്യമാണ് അവരുടെ ആഗമനത്തിലുള്ളത്. എന്നാൽ, മനുഷ്യർ സ്വന്തം പ്രവൃത്തിയിലൂടെ ദൈവത്തിൽനിന്ന് അകലുന്നു. ദൈവവും മനുഷ്യനും തമ്മിൽ കോർത്തിണക്കപ്പെടേണ്ട സ്നേഹത്തിന്റെ ചങ്ങലയിൽനിന്ന് അവൻ സ്വയം തന്നെ വേർപ്പെടുത്തുന്നു. അപ്പോൾ അത്തരക്കാരിൽനിന്ന് അകലുക എന്നതാണ് അല്ലാഹുവിന്റെ പ്രവൃത്തി. അല്ലാഹു അകലുന്ന കാരണത്താൽ മനുഷ്യമനസ്സിൽ ഇരുൾ മൂടുന്നു; വാതിലുകൾ അടയ്ക്കുമ്പോൾ മുറി ഇരുട്ടുകൊണ്ട് നിറയുന്നതുപോലെ. ഇപ്രകാരം അല്ലാഹുവിൽനിന്ന് മുഖം തിരിക്കുന്ന മനുഷ്യന്റെ ഉള്ളിൽ ഇരുട്ട് വ്യാപിക്കുന്നു. അകൽച്ച കൂടുന്തോറും ഇരുട്ടും കൂടാൻ തുടങ്ങുന്നു. അവസാനം മനസ്സ് കറുകറാ കറുത്തുപോകുന്നു. അല്ലാഹുവിൽനിന്ന് അകലാനുണ്ടായ കാരണങ്ങൾ ഉപേക്ഷിച്ചുകൊണ്ട് ഈ ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ ഒരുവൻ കഠിനമായി പരിശ്രമിക്കുമ്പോൾ അല്ലാഹു തന്റെ കാരുണ്യം കൊണ്ട് അവനിലേക്കു മടങ്ങുന്നു. ജനലുകളും വാതിലുകളും തുറക്കുമ്പോൾ പ്രകാരം വീണ്ടും അകത്തുകടന്ന് ഇരുട്ടിനെ അകറ്റുന്നതുപോലെ. നന്മയുടെ കൈവിട്ടുപോയ പ്രകാശം പശ്ചാത്തപിച്ചു മടങ്ങുന്നവന് വീണ്ടും നല്കപ്പെടുകയും അതിനെ അവൻ പൂർണ്ണമായും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

### പശ്ചാത്താപത്തിന്റെ യാഥാർഥ്യം

ഇപ്പറഞ്ഞതുതന്നെയാണ് തൗബയുടെ യാഥാർത്ഥ്യം. ഇതിനുള്ള ഉദാഹരണങ്ങൾ പ്രകൃതിനിയമത്തിൽ നമുക്ക് ദർശിക്കാൻ കഴിയും. പ്രവാചകന്മാരുടെ കാലഘട്ടങ്ങളിൽ ജനതയിൽ ഇറങ്ങുന്ന ശിക്ഷയെ സംബന്ധിച്ച് നാം അറിഞ്ഞിരിക്കേണ്ട ഒരു കാര്യമുണ്ട്. ഉദാഹരണം പറഞ്ഞാൽ ലൂത്തിന്റെ ജനതയുടെമേൽ ഇറങ്ങുന്ന ശിക്ഷ. അല്ലെങ്കിൽ ബുഖ്ത്നസർ മുഖേനയോ ത്വയ്തസ്റൂമി മുഖേനയോ യഹൂദർ നശിപ്പിക്കപ്പെട്ടത്. ആ ശിക്ഷകൾ ഇറങ്ങിയത് കേവലം ഭിന്നിപ്പ് കൊണ്ടായിരുന്നില്ല. അവർക്കു വന്നുഭവിച്ച ശിക്ഷയ്ക്കുള്ള പ്രധാന കാരണം അവർ പ്രവാചകന്മാരെ ഉപദ്രവിക്കുകയും പീഡിപ്പിക്കുകയും ചെയ്തതായിരുന്നു. അവരുടെ പീഢനങ്ങൾ അവസാനം അവരിലേക്കുതന്നെ മടങ്ങി. അത് അവരെ നശിപ്പിച്ചു. സമാധാനഭംഗം സൃഷ്ടിക്കുന്ന കള്ളന്മാരേയും കൊള്ളക്കാരേയും രാജ്യദ്രോഹികളേയും മറ്റു കുറ്റവാളകളേയും ശിക്ഷിക്കുക എന്നത് ഭരണകൂടത്തിന്റെ നിയമങ്ങളിൽപ്പെട്ടതാണ്. സമാധാനം നിലനിറുത്തുന്നതിനും മറ്റുള്ളവർക്ക് ഗുണപാഠം ലഭിക്കുന്നതിനും വേണ്ടിയാണിത്. ഇതേപ്രകാരം തന്നെയാണ് അല്ലാഹുവും നിയമം വെച്ചിട്ടുള്ളത്. ഉപദ്രവകാരികളും അക്രമികളും അതിരു ലംഘിക്കാതിരിക്കാൻ ആഗ്രഹിക്കുന്നവർക്ക് മുന്നറിയിപ്പും നൽകുന്നു. മറ്റൊരു കാര്യവും ഓർമിക്കേണ്ടതുണ്ട്. ഈ ശിക്ഷയും മുന്നറിയിപ്പും ആർക്കാണോ നൽകുന്നത് അവർക്കും അതിൽനിന്ന് ഗുണപാഠം സ്വീകരിക്കുന്ന മറ്റുള്ളവർക്കും ഒരു കാരുണ്യമെന്ന നിലയിലാണിത്. കാരണം ശിക്ഷ നല്കുന്നില്ലെങ്കിൽ അസമാധാനം വ്യാപിക്കുകയും അതിന്റെ പരിണാമം അങ്ങേയറ്റം ദാരുണമായിരിക്കുകയും ചെയ്യുന്നതാണ്.

പ്രകൃതി നിയമത്തിലേക്ക് ഒന്ന് ദൃഷ്ടിപായിക്കുക. മനുഷ്യപ്രകൃതിയിൽത്തന്നെ ഇതിനുദാഹരണം കാണാം. ***വലക്കും ഫിൽഖിസ്വാസി ഹയാത്തുൻയ്യാഉലിൽഅൽബാബ്***(2:180) നിങ്ങളുടെ ജീവിതത്തിന്റെ നിലനിൽപിന് പ്രതിക്രിയ നിയമം അനിവാര്യമാണ്. കർമങ്ങൾക്ക് തക്കതായ പ്രതിഫലമുണ്ടാകുന്നില്ലെങ്കിൽ പിന്നെ ആ കർമങ്ങൾക്ക് എന്തു പ്രസക്തിയാണുള്ളത്? അതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്? ചുരുക്കത്തിൽ ഇവിടെ നല്കപ്പെടുന്ന ശിക്ഷ യഥാർഥമായ നിലയിലുള്ളതല്ല. അത് യഥാർഥമായ ശിക്ഷയുടെ നിഴലാണ്. അതുകൊണ്ടുള്ള ഉദ്ദേശ്യം ഗുണപാഠമാണ്.

• ഹദീഥുന്നബ്‌വിﷺ •

“സ്വൂമൂ തസ്വിഹ്ഹു’
നോമ്പനുഷ്ഠിക്കുക, ആരോഗ്യം നേടുക.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വിﷺ •

“അൽ അയ്നു ഹഖ്ഖുൻ.”
കണ്ണേറ് യാഥാർഥ്യമാണ്.

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

പരലോകത്തെ ശിക്ഷയുടെ ഉദ്ദേശ്യം മറ്റൊന്നാണ്. അത് പരമമായതാണ്. അവിടെ **മൻയ്യഅ്മൽ മിഥ്ഖാല ദർറത്തിൻ ശർറയ്യറഹൂ** (99:9) എന്നതിന്റെ പ്രതിബിംബാത്മകമായ മാതൃക ജനങ്ങൾ കാണും. മനുഷ്യൻ താൻ ചെയ്ത അതിസൂക്ഷ്മമായ പാപങ്ങളുടേയും കുറ്റകൃത്യങ്ങളുടേയും ശിക്ഷ അനുഭവിക്കേണ്ടി വരും. ഇഹലോകശിക്ഷയും പരലോകശിക്ഷയും തമ്മിലുള്ള ഒരു വലിയ വ്യത്യാസം, ഇഹലോക ശിക്ഷ സമാധാനം നിലനിറുത്തുന്നതിനും ഗുണപാഠം സ്വീകരിക്കുന്നതിനുമാണെങ്കിൽ പരലോകശിക്ഷ മനുഷ്യകർമങ്ങളുടെ അവസാനത്തെ ഫലമാകുന്നു എന്നതാണ്. അവിടെ അവന് ശിക്ഷ അനുഭവിച്ചേ പറ്റൂ. കാരണം അവൻ വിഷം തിന്നു കഴിഞ്ഞിരിക്കുകയാണ്. അതിന്റെ ദോഷഫലത്തിൽനിന്ന് രക്ഷപ്പെടാൻ ഔഷധമില്ലാതെ സാധ്യമല്ല.

### പരലോക ശിക്ഷയുടെ യാഥാർഥ്യം

പരലോകശിക്ഷ ഒരു തത്ത്വജ്ഞാനപരമായ യാഥാർഥ്യം ഉൾക്കൊള്ളുന്നതാണ്. ഇസ്‌ലാമിനല്ലാതെ മറ്റൊരു മതങ്ങൾക്കും അതിന്റെ പൂർണമായ അവസ്ഥ വിവരിക്കാൻ സാധിച്ചിട്ടില്ല. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: **വമൻകാന ഫീ ഹാദിഹീ അഅ്മാ ഫഹുവ ഫിൽആഖിറത്തി അഅ്മാ വ അളല്ലു സബീലാ** ഇഹലോകത്ത് അന്ധനായിട്ടുള്ളവൻ പരലോകത്തും അന്ധനായിരിക്കും. മാത്രമല്ല കൂടുതൽ വഴിപിഴച്ചവനുമായിരിക്കും. (17:73)

ഇതിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹുവിനെ കാണുന്നതിനുള്ള കണ്ണും അവനെ തിരിച്ചറിയുന്നതിനുള്ള ഇന്ദ്രിയവും ഈ ലോകത്തു നിന്നുതന്നെ മനുഷ്യൻ തന്റെകൂടെ കൊണ്ടുപോകണമെന്നാണ്. ഇവിടെ ആ ഇന്ദ്രിയം കരസ്ഥമാക്കാത്തവന് അവിടെ അത് ലഭ്യമാവുകയില്ല. ഇത് സൂക്ഷ്മമായ ഒരു രഹസ്യമാണ്. സാധാരണക്കാർക്ക് ഇതു മനസ്സിലാക്കാൻ പ്രയാസമാണ്. നാം പറഞ്ഞതല്ല ഇതിന്റെ അർഥമെങ്കിൽ അന്ധൻ പരലോകത്തും അന്ധനായിരിക്കും എന്ന് പറഞ്ഞത് തികച്ചും അബദ്ധമായിരിക്കും. യാഥാർഥ്യമെന്താണെന്നുവെച്ചാൽ, ന്യൂനത ഒന്നും കൂടാതെ അല്ലാഹുവിനെ തിരിച്ചറിയുക എന്നതും ശരിയായ നിലയിൽ അവന്റെ ഗുണവിശേഷങ്ങളും നാമങ്ങളും ഈ ലോകത്തു വെച്ച് തിരിച്ചറിയുക എന്നതും വരുംകാലത്തെ എല്ലാ നിർവൃതിയുടേയും താക്കോലാണ്. ഉപര്യുക്ത വചനം ഈ ലോകത്തുനിന്നുതന്നെ നമ്മുടെ ശിക്ഷ, നമ്മൾ കൂടെ കൊണ്ടുപോകുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ടിരിക്കുന്നു. അന്ധന്മാരെപ്പോലെയുള്ള ഇവിടുത്തെ ജീവിതവും അവിശുദ്ധമായ കർമങ്ങളും തന്നെയാണ് പരലോകത്ത് നരകശിക്ഷ എന്ന രീതിയിൽ വെളിച്ചത്തുവരുന്നത്. അല്ലാതെ പുതിയതായ ഒന്നായിരിക്കുകയില്ല.

ഏതുപോലെയെന്നാൽ, ഒരാൾ വീടിന്റെ വാതിലുകൾ അടച്ചുപൂട്ടുമ്പോൾ വെളിച്ചം അയാൾക്ക് തടയപ്പെടുന്നു. പുതിയതും ജീവന് ഗുണപ്രദവുമായ വായു അയാൾക്ക് ലഭിക്കുകയില്ല. വിഷം കഴിച്ചാൽ അയാളുടെ ജീവിതം ബാക്കിയുണ്ടാവില്ല. ഇതേപ്രകാരം അല്ലാഹുവിൽനിന്നകലുകയും, പാപകൃത്യങ്ങളിലേർപ്പെടുകയും ചെയ്യുന്നയാൾ അന്ധകാരത്തിന് അടിപ്പെട്ട് ശിക്ഷയിൽ അകപ്പെടുന്നു. **'ജുനാഹ്'** എന്നാണ് പാപത്തിന് പറയുന്നത്. മലിനമാക്കുക, യഥാർഥ കേന്ദ്രത്തിൽനിന്ന് തെന്നിപ്പോകുക എന്നൊക്കെയാണ് അതിനർഥം. മനുഷ്യൻ ദൈവത്തിൽനിന്ന് പിന്തിരിയുകയും അവന്റെ പ്രകാശത്തിന്നെതിരിൽ നിൽക്കുകയും ദൈവത്തിൽനിന്ന് മാത്രം ഹൃദയങ്ങളിലിറങ്ങുന്ന പ്രകാശത്തിൽനിന്ന് അകന്നുപോകുകയും ചെയ്യുമ്പോൾ അവനൊരു ഇരുട്ടിൽ അകപ്പെടുന്നു. അത് അവന് ശിക്ഷയ്ക്ക് കാരണമാകുന്നു. പിന്നീട് ഏതു തരത്തിലാണോ അവൻ തിരിയുന്നത് അതേ രീതിയിലുള്ള ശിക്ഷ അവൻ അനുഭവിക്കുന്നു. എന്നാൽ, അവൻ യഥാർഥ കേന്ദ്രത്തിലേക്ക് വീണ്ടും മടങ്ങിവരാൻ ഉദ്ദേശിക്കുകയും ആ പ്രകാശം പതിയുന്ന സ്ഥാനത്ത് അവൻ അവനെ എത്തിക്കുകയും ചെയ്താൽ, കൈവിട്ടുപോയ ആ പ്രകാശം വീണ്ടും അവൻ പ്രാപിക്കും. കാരണം, മുറി തുറക്കുമ്പോൾ വെളിച്ചം ഉള്ളിൽ പ്രവേശിക്കുന്നത് നമ്മൾ കാണുന്നുണ്ടല്ലോ. അതേപോലെ ആത്മീയവ്യവസ്ഥിതിയിലെ യഥാർഥ കേന്ദ്രത്തിലേക്ക് മടങ്ങുമ്പോൾത്തന്നെ അത് ആനന്ദനിർവൃതിക്ക് കാരണമാകും. ശരിയായ കേന്ദ്രത്തിൽനിന്ന് വ്യതിചലിച്ചുകൊണ്ടുണ്ടായ ദുഃഖങ്ങളേയും കഷ്ടങ്ങളേയും അതകറ്റുകയും ചെയ്യും. അതിന്റെ പേരാണ് തൗബ അഥവാ പശ്ചാത്താപം. മുകളിൽ പറഞ്ഞതു പ്രകാരമുണ്ടാകുന്ന അന്ധകാരത്തിനാണ് ദുർമാർഗമെന്നും നരകമെന്നും പറയുന്നത്. യഥാർഥ കേന്ദ്രത്തിലേക്കുള്ള മടക്കം മുഖേന കിട്ടുന്ന നിർവൃതിയെ സ്വർഗവുമായി ഉപമിക്കാം. അല്ലാഹു സംതൃപ്തനാകുംവിധം പാപകൃത്യങ്ങളിൽനിന്ന് പിന്മാറി വീണ്ടും സൽകൃത്യങ്ങളിലേക്ക് വരിക എന്നത് ചെയ്തുപോയ പാപകൃത്യങ്ങളുടെ പ്രായശ്ചിത്തമായിത്തീരുകയും അതിനെ ദൂരീകരിക്കുകയും അതിന്റെ തിക്തഫലത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു. അതുകൊണ്ട് അല്ലാഹു പറയുന്നു. ഇന്നൽ ഹസനാത്തി യുദ്ഹിബ്നസ്സയ്യിആത്തി അതായത് നന്മകൾ, തിന്മകളെ അകറ്റിക്കളയുന്നു. (11:115) കാരണം, തിന്മയിൽ നാശമടയാനുള്ള വിഷമാണുള്ളത്. നന്മയിൽ ആയുസ്സിനുള്ള ഔഷധവും. തിന്മയുടെ വിഷത്തെ അകറ്റുന്നതിനുള്ള മാർഗ്ഗം നന്മതന്നെയാണ്. നിർവൃതിയുടെ അഭാവത്തിന് ശിക്ഷ എന്ന് നമുക്ക് പേരു പറയാവുന്നതാണ്. നിർവൃതി ലഭ്യമാകുന്നതിന്റെ പേരാണ് മോക്ഷം.

പ്രകൃതി നിശ്ചയിച്ചിട്ടുള്ള സമീകൃതമായ അവസ്ഥ നിലനിൽക്കുമ്പോൾ അത് ആരോഗ്യമുള്ള അവസ്ഥയെന്നും അതിൽനിന്ന് വ്യതിചലിക്കുമ്പോൾ അത് രോഗമുള്ള അവസ്ഥയെന്നും നമ്മൾ പറയുന്നു. ഏതുപോലെയെന്നാൽ, കൈയോ കാലോ ശരീരത്തിന്റെ മറ്റേതെങ്കിലും അവയവമോ അതിന്റെ നിശ്ചിത സ്ഥാനത്തുനിന്ന് തെന്നി മാറിയാൽ വേദന അനുഭവപ്പെടുന്നു. അതിന്റെ അർഥം ആ അവയവത്തിന് പ്രവർത്തനക്ഷമത കുറയുന്നു എന്നതാണ്. ആ അവസ്ഥ തുടരാനനുവദിച്ചാൽ അതു പൂർണമായും പ്രയോജനരഹിതമാകുമെന്ന് മാത്രമല്ല മറ്റു അവയവങ്ങളേയും അതു ബാധിക്കാൻ തുടങ്ങുന്നു. ഇതു തന്നെയാണ് ആത്മീയമായ അവസ്ഥയും. മനുഷ്യൻ തന്റെ ജീവിതത്തിന്റെ സാക്ഷാൽ കാരണഭൂതനായ അല്ലാഹുവിൽനിന്ന് അകലുകയും യഥാർഥമായ മതത്തെ ഉപേക്ഷിക്കുകയും ചെയ്യുമ്പോൾ അവനിൽ ശിക്ഷ ഇറങ്ങാൻ തുടങ്ങുന്നു. മനസ്സിന് അല്പമെങ്കിലും ചൈതന്യമുണ്ടാവുകയും ബോധം ശേഷിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആ ശിക്ഷയെ അവൻ നല്ലവണ്ണം അനുഭവിച്ചറിയുന്നതാണ്. ദാരുണമായ ആ അവസ്ഥയിൽനിന്ന് അവൻ അവനെ രക്ഷപ്പെടുത്തുന്നില്ലെങ്കിൽ അവനിൽ ശേഷിക്കുന്ന മറ്റു ആത്മീയമായ ശക്തികളും ക്രമേണ ക്ഷയോന്മുഖമായിത്തീരുന്നതാണ്. കഠിനമായ ശിക്ഷ ഇറങ്ങുമോ എന്ന ആശങ്ക ആ അവസരത്തിൽ അവനുണ്ടാകുന്നു. ഇപ്പോൾ, ഒരു ശിക്ഷയും പുറമെനിന്ന് വരുന്നില്ലെന്നും മനുഷ്യന്റെ ഉള്ളിൽ നിന്നുതന്നെയാണ് വരുന്നതെന്നുമുള്ള കാര്യം എത്ര വ്യക്തമായിട്ടാണ് മനസ്സിലാകുന്നത്. ശിക്ഷ അല്ലാഹുവിന്റെ പ്രവൃത്തിയാണെന്നതിനെ നാമൊരിക്കലും നിഷേധിക്കുന്നില്ല. നിസ്സംശയം അത് അവന്റെ പ്രവൃത്തി തന്നെയാണ്. ഏതുപോലെയെന്നാൽ, വിഷം കഴിക്കുന്നവനെ അല്ലാഹു നശിപ്പിക്കുന്നു. ചുരുക്കത്തിൽ, അല്ലാഹുവിന്റെ പ്രവൃത്തി മനുഷ്യന്റെ പ്രവൃത്തിക്കു ശേഷമാണുണ്ടാകുന്നത്. അതിലേക്ക് സൂചന നൽകിക്കൊണ്ട് അല്ലാഹു പറയുന്നു: **നാറുല്ലാഹിൽ മൂഖദത്തുല്ലത്തീ തത്ത്വലിഉ അലൽ അഫ്ഇദ** അതായത് അല്ലാഹുവിന്റെ ശിക്ഷ എന്നത് അല്ലാഹുതന്നെ ജ്വലിപ്പിക്കുന്ന അഗ്നിയാണ്. അതിന്റെ തീനാളം മനുഷ്യന്റെ ഹൃദയത്തിൽനിന്നുയരുന്നു. വ്യക്തമായ ഭാഷയിൽ ബീജം മനുഷ്യന്റെതന്നെ അശുദ്ധിയാണ്. അത് ശിക്ഷയുടെ രൂപം പ്രാപിക്കുകയാണ് ചെയ്യുന്നത്.

### സ്വർഗീയാനുഗ്രഹങ്ങളുടെ യാഥാർഥ്യം

ഇതേപോലെ, സ്വർഗീയസുഖങ്ങളുടെ യഥാർഥ ഉറവിടവും മനുഷ്യന്റെതന്നെ പ്രവൃത്തികളാണ്. അവൻ പ്രകൃതിമതത്തെ ഉപേക്ഷിക്കുന്നില്ലെങ്കിൽ മിതവർത്തിത്വത്തിൽനിന്ന് അല്പംപോലും വ്യതിചലിക്കുന്നില്ലെങ്കിൽ, അവന്റെ ദാസത്വം ദൈവത്വത്തിന്റെ അണിയിൽ വീണുകിടക്കുന്ന പ്രകാശത്തിൽനിന്ന് ഫലമെടുത്തുകൊണ്ടിരിക്കുകയാണെങ്കിൽ, മനുഷ്യന്റെ ശരീരാവയവങ്ങൾ അത് ശരിയായ നിലയിലാണെങ്കിൽ, എപ്രകാരം സുഗമമായും കാര്യക്ഷമമായും പ്രവർത്തിക്കുമോ അപ്രകാരമുള്ള അവസ്ഥയിലായിരിക്കും അവൻ. അവന് ഒരു വേദനയുമുണ്ടാകുകയില്ല. ശാന്തി അനുഭവപ്പെടുകയും ചെയ്യും. വിശുദ്ധഖുർആൻ പറയുന്നു:**വ ബശ്ശിരില്ലതീന ആമനൂ വ അമിലുസ്സാലിഹാത്തി അന്ന ലഹും ജന്നാത്തിൻ തജ്‌രീമിൻ തഹ്തിഹൽ അൻഹാർ**

''വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവർക്ക് സുവിശേഷം അറിയിക്കുക! അവർ താഴെഭാഗത്തുകൂടെ അരുവികൾ ഒഴുകുന്ന തോട്ടങ്ങളുടെ അവകാശികളായിരിക്കും''

ഈ ഖുർആനിക വചനത്തിൽ ഈമാനിനെ അഥവാ സത്യവിശ്വാസത്തെ അല്ലാഹു തോട്ടത്തോടും

**• ഹദീഥുന്നബ്‌വി ﷺ •**

"അന്നദമു തൗബത്തുൻ."

**ചെയ്ത പാപത്തിൽ ലജ്ജിക്കുന്നതാണ് യഥാർഥ പശ്ചാത്താപം.**

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

**• ഹദീഥുന്നബ്‌വി ﷺ •**

"ലാ തതമന്നഉൽമൗത്ത."

**മരണം ആഗ്രഹിക്കരുത്.**

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

സൽക്കർമങ്ങളെ അരുവികളോടും ഉപമിക്കുന്നു. ഒഴുകിക്കൊണ്ടിരിക്കുന്ന അരുവിയും വൃക്ഷവും തമ്മിലുള്ള അതേ ബന്ധമാണ് സൽക്കർമങ്ങളും സത്യവിശ്വാസവും തമ്മിലുള്ളത്. വെള്ളം കൂടാതെ ഒരു തോട്ടവും നിലനിൽക്കുകയില്ല. ഇതുപോലെ തന്നെ സൽക്കർമങ്ങളില്ലാതെ ഒരു വിശ്വാസവും ഫലപ്രദമാകുകയില്ല. അപ്പോൾ, എന്താണ് സ്വർഗം? അത് സത്യവിശ്വാസത്തിന്റേയും സൽക്കർമത്തിന്റേയും പ്രതീകാത്മക രൂപങ്ങളാണ്. അതും പുറമെനിന്ന് വരുന്ന വസ്തുവല്ല. അതായത് മനുഷ്യന്റെ സ്വർഗവും അവന്റെ ഉള്ളിൽനിന്നുതന്നെ വരുന്നതാകുന്നു.

ഇഹലോകത്ത് ഉണ്ടാക്കിയെടുത്ത പരിശുദ്ധാത്മാവു തന്നെയാണ് പരലോകത്ത് ലഭിക്കുന്ന നിത്യമായ ആനന്ദാനുഭൂതി എന്ന കാര്യം ഇവിടെ ഓർമിക്കേണ്ടതാണ്. പരിശുദ്ധമായ വിശ്വാസത്തിന് ചെടിയുമായി സാദൃശ്യമുണ്ട്. ഉൽകൃഷ്ടമായ സ്വഭാവം ആ ചെടിയുടെ സേചനത്തിനുള്ള നദിയാണ്. അതാണ് അതിന്റെ പച്ചപ്പിനേയും തളിർപ്പിനേയും നിലനിറുത്തുന്നത്. അത് ഇഹലോകത്ത് സ്വപ്നത്തിൽ കാണുന്നതുപോലെയുള്ള ഒന്നാണ്. എന്നാൽ, പരലോകത്ത് നേരിട്ടനുഭവിക്കുകയും കാണുകയും ചെയ്യും. ഇക്കാരണത്താൽ ''സ്വർഗവാസികൾ അവിടുത്തെ അനുഗ്രഹങ്ങൾ കാണുമ്പോൾ **ഹാദല്ലദീ റുസിഖ്നാ മിൻഖബ്‌ലു വ ഉതൂബിഹി മുത്തശാബീഹാ** എന്ന് പറയുമെന്ന് ഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ ഉദ്ദേശ്യം, ഇഹലോകത്ത് നമ്മൾ തിന്നുകയും കുടിക്കുകയും ചെയ്ത പാലോ തേനോ മുന്തിരിയോ അനാറോ അവിടെ കിട്ടുമെന്നല്ല. അവ അതിന്റെ ഇനത്തിലും അവസ്ഥയിലും തികച്ചും വിഭിന്നമായിരിക്കും. പേരിൽ മാത്രമേ അത് ഒന്നാകുകയുള്ളൂ. ഈ എല്ലാ അനുഗ്രഹങ്ങളുടേയും ചിത്രം പ്രത്യക്ഷമായ നിലയിൽ കാണിക്കപ്പെട്ടെങ്കിലും അതിനോടൊപ്പംതന്നെ ആ വസ്തുക്കൾ ആത്മാവിനെ തിളക്കമുള്ളതാക്കുന്നതും ദൈവജ്ഞാനം ഉണ്ടാക്കുന്നതുമാണെന്ന് പറയുകയും ചെയ്തിരിക്കുന്നു. അതിന്റെ ഉറവിടം ആത്മാവും സത്യസന്ധതയുമാണ്. റൂസിഖ്നാ മിൻഖബ്‌ലു എന്നു പറഞ്ഞത് ലോകത്തുള്ള ഭൗതികാനുഗ്രഹങ്ങളാണെന്ന് കരുതുന്നത് തികച്ചും തെറ്റാണ്. സൽക്കർമങ്ങൾ ചെയ്തിട്ടുള്ള സത്യവിശ്വാസികൾ, തങ്ങളുടെ കൈകൾകൊണ്ട് ഒരു സ്വർഗം പണിതു. അതിന്റെ പഴം അവർ പരലോകത്തും തിന്നുന്നതാണ്. പ്രസ്തുത വചനത്തിലൂടെ അല്ലാഹു ഉദ്ദേശിക്കുന്നത് ഇതാണ്: ആ ഫലം ആത്മീയമായ നിലയിൽ അവർ ഇഹലോകത്ത് തിന്നുകഴിഞ്ഞതാണ്. അതുകൊണ്ടാണ് പരലോകത്ത് അവർ അതിനെ തിരിച്ചറിയുന്നത്. അപ്പോൾ അവർ പറയും: 'ഇത് അതേ പഴം തന്നെയാണെന്ന് മനസ്സിലാകുന്നു.' അത് ഇഹലോകത്ത് കൈവരിച്ചിട്ടുള്ള ആത്മീയാഭിവൃദ്ധികളായതുകൊണ്ട് അവയുമായി ബന്ധപ്പെട്ട ഭക്തരും ജ്ഞാനികളും അവയെ തിരിച്ചറിയും.

ഞാൻ വീണ്ടും വ്യക്തമാക്കാനാഗ്രഹിക്കുന്നു. നരകത്തെ സംബന്ധിച്ചും സ്വർഗത്തെ സംബ

ശേഷം പേജ് 11 ൽ

പേജ് 6 ൽ നിന്ന്

മാറ്റിവച്ചു. എല്ലാ ഓരോ വസ്തുവിന്റേയും അഞ്ചിലൊന്ന് മാറ്റി വിഹിതം വിതരണം ചെയ്തു. അവയിൽ ഓരോ വിഹിതത്തിനും നറുക്കിട്ടുകൊണ്ടിരുന്നു. നറുക്കിൽ ഏതൊരു ഭാഗമാണോ അഞ്ചിലൊന്ന് വരുന്നത് അത് അവിടന്ന് തനിക്കായി എടുത്തിരുന്നു. ഹദ്റത്ത് മഹ്മിയ ബിൻ ജസഅ് സുബയ്ദിയെ അഞ്ചിലൊന്നിന്റെ സൂക്ഷിപ്പുകാരനായി നിയമിച്ചു. ബാക്കിവരുന്ന നാലു ഭാഗം വിതരണം ചെയ്തു. നബിﷺതിരുമേനി യുദ്ധരംഗത്തുണ്ടായിരുന്ന സ്ത്രീകൾക്കും വിഹിതം നല്കിയിരുന്നു. ആ സ്ത്രീകളിൽ ഹദ്റത്ത് സ്വഫിയ ബിൻത് അബ്ദുൽ മുത്വലിബ്ؓ, ഹദ്റത്ത് ഉമ്മു അമ്മാറؓ, ഹദ്റത്ത് ഉമ്മുസലീത്ؓ, ഹദ്റത്ത് ഉമ്മു അലാ അൻസ്വാരിയ്യؓ, ഹദ്റത്ത് സമീറ ബിൻത് ഖയ്സ്ؓ, ഹദ്റത്ത് ഉമ്മുസഅ്ദ് ബിൻ മുആദ്ؓ, ഹദ്റത്ത് കബ്ശ ബിൻത് റാഫിഅ്ؓ എന്നിവരുണ്ടായിരുന്നു. നബിﷺതിരുമേനി ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയെ ഒരു സംഘത്തോടൊപ്പം അഞ്ചിലൊന്നിന്റെ സമ്പത്തുകൾ അതായത് തടവുകാർ തുടങ്ങിയവ വിറ്റ് അതിനുപകരം ആയുധങ്ങളും കുതിരകളും വാങ്ങിവരാൻ ശാമിലേക്കയച്ചു! ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫും അതിൽനിന്ന് ആരു വിഹിതം വാങ്ങിയെന്ന് ഒരു നിവേദനത്തിലുണ്ട്. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 15-16 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)*

പക്ഷേ, ആ തടവുകാരെയെല്ലാം മദീനയിൽത്തന്നെ വെച്ചിരുന്നുവെന്നും ഒരു അഭിപ്രായമുണ്ട്.അവരെ ഒരിടത്തും അയച്ചിരുന്നില്ല. പിന്നീട് അവരെ മെല്ലെ മെല്ലെ നബിﷺതിരുമേനി ഔദാര്യമെന്ന നിലയിൽ മോചിപ്പിക്കുകയും ചെയ്തു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓവിവിധ ചരിത്രഗ്രന്ഥങ്ങളിൽ ഗവേഷണം നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം എഴുതുന്നു:"സഅ്ദിന്റെؓവിധിയനുസരിച്ച് തടവിലാക്കപ്പെട്ട സ്ത്രീകളേയും കുട്ടികളേയും സംബന്ധിച്ച് ചില നിവേദനങ്ങളിൽനിന്ന് അറിയാൻ കഴിയുന്നത് നബിﷺതിരുമേനി അവരെ നജ്ദിലേക്ക് അയച്ചുവെന്നാണ്. അവിടെ ചില നജ്ദുകാരായ ഗോത്രക്കാർ അവരുടെ മോചനദ്രവ്യം(ഫിദ്യ)നല്കി മോചിപ്പിച്ചിരുന്നു. ഈ തുകകൊണ്ട് മുസ്‌ലിമീങ്ങൾ തങ്ങളുടെ യുദ്ധപരമായ ആവശ്യങ്ങൾക്കുവേണ്ടി കുതിരകളും ആയുധങ്ങളും വാങ്ങിയിരുന്നു. അങ്ങനെയുണ്ടായിട്ടുണ്ടെങ്കിൽ അത് വിദൂരമായ കാര്യമല്ല. കാരണം നജ്ദുകാരായ ഗോത്രങ്ങളും ബനൂഖുറയ്ള്വയും പരസ്പരം സഖ്യകക്ഷികളായിരുന്നു. ഖുറയ്ള്വയുദ്ധത്തിന്റെ കുറച്ചുനാൾ മുമ്പേതന്നെ അവർ അഹ്സാബ് യുദ്ധത്തിൽ മുസ്‌ലിമീങ്ങൾക്കെതിരിൽ സംഘടിച്ച് യുദ്ധം ചെയ്തതാണ്. വാസ്തവത്തിൽ നജ്ദുകാരുടെതന്നെ പ്രേരണകൊണ്ടാണ് ബനൂഖുറയ്ള്വ നബിﷺതിരുമേനിക്കെതിരിൽ കലാപക്കൊടി ഉയർത്തിയത്. അതുകൊണ്ട് നജ്ദുകാർ തങ്ങളുടെ സഖ്യകക്ഷിയായ ബനൂഖുറയ്ള്വയിലെ തടവുകാരെ മുസ്‌ലിമീങ്ങളുടെ കൈയിൽനിന്ന് മോചിപ്പിച്ചിട്ടുണ്ടെങ്കിൽ അത്ഭുതപ്പെടേണ്ടതില്ല. പക്ഷേ, ശരിയായ നിവേദനങ്ങളിൽനിന്ന് അറിയാൻ കഴിയുന്നത് ഈ തടവുകാർ മദീനയിൽത്തന്നെ കഴിഞ്ഞിരുന്നുവെന്നാണ്." അവർ ഒരിടത്തും പോയിട്ടില്ല. നബിﷺതിരുമേനി അവരെ നാട്ടുനടപ്പനുസരിച്ച് വിവിധ സ്വഹാബാക്കളുടെ മേൽനോട്ടത്തിലാക്കി. പിന്നീട് അവരിൽ ചിലർ തങ്ങളുടെ മോചനദ്രവ്യം ഒടുക്കി സ്വതന്ത്രരായി. ചിലരെ നബിﷺതിരുമേനി ഔദാര്യമെന്ന നിലയിൽ വിട്ടയച്ചു. പിന്നീട് സ്വപരിശുദ്ധിക്കുവേണ്ടി അവർ പതുക്കെപ്പതുക്കെ മുസ്‌ലിമായി. അവരിൽ അത്വിയ്യ ഖുറാള്വിയുടേയും അബ്ദുർറഹ്മാൻ ബിൻ സുബയ്ർ ബിൻ ബാത്വിയായുടേയും കഅ്ബ് ബിൻ സുലയ്മിന്റേയും മുഹമ്മദ് ബിൻ കഅ്ബിന്റേയും നാമങ്ങൾ ചരിത്രത്തിൽ സുരക്ഷിതമാണ്. ഇവരെല്ലാവരും മുസ്‌ലിമായികഴിഞ്ഞിരുന്നു." അവരിൽ അവസാനം പറഞ്ഞ മുഹമ്മദ് ബിൻ കഅ്ബ് വളരെ പ്രശസ്തനായൊരു മുസ്‌ലിമായിരുന്നു.*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 603-604)*

ഈ തടവുകാരായ സ്ത്രീകൾ വീതിക്കപ്പെട്ടവാരായാലും വിൽക്കപ്പെട്ടവരായാലും ആ അവസരത്തിൽ നബിﷺതിരുമേനി ഒരു കൽപ്പന പുറപ്പെടുവിച്ചു, അത് നബിﷺതിരുമേനിയുടെ വിശാലമായ കാരുണ്യത്തിന്റേയും അവിടന്ന് സ്ത്രീകളുടെ ഉപകാരിയാണെന്ന നിലയ്ക്കും തങ്കലിപികളാൽ എഴുതപ്പെടേണ്ടതാണ്.

നബിﷺതിരുമേനി പറഞ്ഞു:"ഏതെങ്കിലും സ്ത്രീവിതരണം ചെയ്യപ്പെടുകയോ വിൽക്കപ്പെടുകയോ ചെയ്താൽ അവർക്ക് ചെറിയ ആൺകുട്ടിയോ പെൺകുട്ടിയോ ഉണ്ടെങ്കിൽ ആ കുട്ടിയെ അവർ പ്രായപൂർത്തിയാകുന്നതുവരെ അതിന്റെ മാതാവിൽനിന്നകറ്റാൻ പാടില്ല. അപ്രകാരംതന്നെ അവന് ചെറിയ സഹോദരിയുണ്ടെങ്കിൽ അവൾ പ്രായപൂർത്തിയാകുന്നതുവരെ അവളെ മാതാവിൽനിന്ന് വേർപെടുത്താൻ പാടില്ല." *(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 16 ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)(ഗസ്വയെ ബനൂഖുറയ്ള്വ, ബാശമീൽ പേജ് 181, പ്രസാധനം നഫീസ് അക്കാഡമി, കറാച്ചി)*



• ഹദീഥുന്നബ്‌വിﷺ •

"അൽമുസ്‌ലിമു അഖുൽമുസ്‌ലിമി."
ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്‌വിﷺ •

"അസ്സലാമു ഖബ്‌ലൽകലാമി."
സംസാരിക്കുന്നതിനുമുമ്പേ സലാം പറയുക.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

ഇതായിരുന്നു റഹ്മത്തുല്ലിൽആലമീന്റെ പ്രവൃത്തിയും സ്ത്രീകളുടെ മേലുള്ള ഔദാര്യവും തടവുകാരുടെ മേലുള്ള ഔദാര്യവും തന്റെ എതിരാളികളുടെമേലുള്ള ഔദാര്യവും. പക്ഷേ, ഇന്നത്തെ മുസ് ലിമീങ്ങളുടെ അവസ്ഥയെന്താണ്? അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരിൽ ആളുകളെ വീടുകളിൽനിന്ന് വീടില്ലാത്തവരാക്കുന്നു, പുറത്താക്കുന്നു, വധിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾപ്പിന്നെ അതിന്റെ ഫലമുണ്ടാകുന്നത് മുസ്ലിമീങ്ങളുടെ സ്വന്തം ആദരവ് അവസാനിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. അല്ലാഹു ഈ മുസ്‌ലിമീങ്ങൾക്ക് ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ.*(അൽഫള്ൽ ഇന്റർനാഷണൽ 2024 നവംബർ 15)*

പേജ് 1 ൽ നിന്ന്

ആയത്തുകളിൽ പറഞ്ഞിരിക്കുന്നു. ശരീഅത്തുപരമായ ശിക്ഷളെ സംബന്ധിച്ച് പറയുന്നു:വമാ കുന്നാ മുഅദ്ദിബീന ഹത്താ നബ്അഥ റസൂലൻ (17:16) ഒരു ദൂതനെ അയക്കുന്നതുവരെ നാം ഒരു ജനതയുടെ മേലും ശിക്ഷ അയക്കാറില്ല. റസൂൽ വന്നതിനുശേഷം ആ ജനതയുടെമേൽ ന്യായപൂർത്തീകരണമുണ്ടാകുന്നു. അവർ സത്യനിഷേധത്തിലും കളവാക്കുന്നതിലും മുമ്പോട്ടുപോയിക്കൊണ്ടിരിക്കുന്നു. അവസാനം ആ ജനതയുടെ നാശത്തിന്റെ വിധിപുറപ്പെടുവിക്കുന്നു. അവർ ശിക്ഷയുടെ ഇരയായിത്തീരുന്നു. ഇതു ശരീഅത്തുപരമായ ശിക്ഷയാണ്. അത് ദൈവനിയോഗിതന്മാരെ നിഷേധിക്കുന്നതിന്റെ ഫലമായി ജനങ്ങളിൽ വരുന്നതാണ്. ഈ ശിക്ഷയാണെന്ന് തിരിച്ചറിയുന്നത്, ആദ്യമെതന്നെ പ്രവചനങ്ങളിൽ അതുസംബന്ധമായി വിവരം നല്കപ്പെടുന്നതിനാലാണ്. അല്ലെങ്കിൽ അസാധാരണമായ നിലയിൽ ലോകത്ത് മുൻകാലങ്ങളിൽ ഉദാഹരണം കാണാൻ കഴിയാത്ത വിപത്തുകളും ബലാകളും വെളിപ്പടുന്നു. ഉദാഹരണത്തിന് പൊടുന്നനെ ഭൂകമ്പത്തിനുമേൽ ഭൂകമ്പം വരാൻ തുടങ്ങുന്നു. അല്ലെങ്കിൽ രോഗങ്ങളും ക്ഷാമവും യുദ്ധങ്ങളും മറ്റുതരത്തിലുള്ള വിപത്തുകളും ഒരേയൊരു സമയത്ത് ജനങ്ങളിൽ ഒരുകോലാഹലമുണ്ടാകുന്നവിധത്തിൽ കൂടിചേർന്ന് വരുന്നു. ഇത് അസാധരണമായ സംഭവംതന്നെയാണെന്ന് എല്ലാവരും സമ്മതിക്കുന്നു. ഈ ശരീഅത്തുപരമായ ശിക്ഷകളെ സംബന്ധിച്ച് ഈ ശിക്ഷ ഇടവിട്ടിടവിട്ട് വരുമെന്ന് അല്ലാഹു വിശുദ്ധ ഖുർആനിലും പറഞ്ഞിട്ടുണ്ട്. ഇടതടവില്ലാതെ വരുന്ന ഈ ശിക്ഷകളുടെ ശക്തിയായ ആഘാതത്തിൽനിന്ന് ഉണരുന്നതിനുവേണ്ടിയാണിത്. അവരുണരുകയും പൂർണമായ നാശത്തിൽനിന്ന് സുരക്ഷിതരായിരിക്കുകയും ചെയ്യുന്നതിനാണിത്. അല്ലാഹു ഈ നിയമം സ്മരിച്ചുകൊണ്ടു പറയുന്നു: **വ ഇദാ അദഖ്നന്നാസാ റഹ്മത്തൻമ്മിൻബഅ്ദി ളർറാഅ മസ്സത്ഹും ഇദാ ലഹുമ്മക്റുൻ ഫീ ആയാത്തിനാ ഖുലില്ലാഹു അസ്റഉ മക്റൻ ഇന്ന റുസുലുനാ യക്തുബൂന മാതംകുറൂൻ**(10:22)മനുഷ്യരെ ഒരു ദുരന്തം ബാധിച്ചശേഷം നാം അവർക്ക് ഒരു കാരുണ്യം ആസ്വദിപ്പിച്ചാൽ, അപ്പോൾ അതാ, നമ്മുടെ ദൃഷ്ടാന്തങ്ങളുടെ കാര്യത്തിൽ(അതിനെതിരായി)അവർ ഒരുതന്ത്രം ആസൂത്രണം ചെയ്യുന്നു. പറയുക, തന്ത്രം ആസൂത്രണം ചെയ്യുന്നതിൽ ഏറ്റവും വേഗമുള്ളവനാണ് അല്ലാഹു. തീർച്ചയായും നമ്മുടെ ദൂതന്മാർ നിങ്ങൾ നടത്തുന്ന തന്ത്രങ്ങൾ(ഒന്നൊഴിയാതെ) രേഖപ്പെടുത്തുന്നുണ്ട്. ഈ ആയത്തിൽ അല്ലാഹു പറഞ്ഞിട്ടുള്ളത് നമ്മുടെ ശിക്ഷ പൊടുന്നനെ ഉണ്ടാകുകയില്ലെന്നാണ്. പ്രത്യുത ആദ്യം ശിക്ഷയുടെ അവിചാരിതമായൊരു ആപത്തുണ്ടാകുന്നു. കുറച്ചുകാലത്തിനുശേഷം അതിനെ അകറ്റുന്നു. ആളുകൾ പശ്ചാത്തപിച്ചു മടങ്ങുന്നതിനുവേണ്ടിയാണിത്. അവരുടെ അക്രമങ്ങളിൽനിന്നും പാപങ്ങളിൽനിന്നും പിന്മാറുന്നതിനുവേണ്ടി. പക്ഷേ, നിർഭാഗ്യരായവർ എന്നിട്ടും ഉപദേശം കരസ്ഥമാക്കുകയില്ല. ശിക്ഷയുണ്ടാകുമ്പോൾ കുറച്ചൊക്കെ ഭയപ്പെടുന്നു. എന്നാൽ, ശിക്ഷയിൽ കുറവുകാണുമ്പോൾ പിന്നീട് നമ്മുടെ ഗ്രന്ഥത്തിനും കൽപ്പനകൾക്കുമെതിരിൽ തങ്ങളുടെ ഉപായങ്ങൾ ആരംഭിക്കുന്നു. പറയുന്നു: അല്ലാഹുവിന്റെ ഏർപ്പാട് വളരെ പെട്ടെന്നാണ് നടപ്പിൽ വരുന്നത്. എന്നാൽ, അവൻ പിന്നേയും ജനങ്ങളുടെമേൽ ഔദാര്യം ചെയ്ത് തന്റെ ഏർപാട് നിറുത്തിവെക്കുന്നു. കാരണം ജനങ്ങളുടെ പ്രവൃത്തി അവൻ മറക്കുകയില്ല, അവന് ക്ഷണത്തിൽ പകരംവീട്ടേണ്ട ആവശ്യമുണ്ടെങ്കിലും ശിക്ഷ കൊടുക്കാൻ അവന് ഒരു ബുദ്ധിമുട്ടുമുണ്ടാകുന്നില്ല. അതായത് ഈ നേരത്ത് ഞാൻ ശിക്ഷകൊടുത്തില്ലെങ്കിൽ പിന്നീട് അത് അവന് ബുദ്ധിമുട്ടാകുമെന്ന് മനസ്സിലാക്കാൻ! അവനെപ്പോൾ വേണമെങ്കിലും ശിക്ഷിക്കാൻ കഴിയും. ഒരു കാര്യവും അവന്റെ ദൃഷ്ടിയിൽനിന്ന് മറഞ്ഞിരിക്കുന്നില്ല. അതുകൊണ്ട് എതിരാളികൾ അഹങ്കാരത്തോടും അഭിമാനത്തോടുംകൂടി പ്രവർത്തിക്കാതിരിക്കേണ്ടതാണ്. അവരെ മുഴുവനും നശിപ്പിക്കാൻ തീരുമാനമെടുക്കപ്പെട്ടാൽ പിന്നീട് അവരുടെ ഒരു തന്ത്രവും അവരെ രക്ഷിക്കുകയില്ല. ഇത് ശരീഅത്തുപരമായ ശിക്ഷകളെ കുറിച്ചുള്ളതാണ്. പ്രകൃതിപരമായ ശിക്ഷകളെ കുറിച്ച് അല്ലാഹു ഈ ആയത്തിൽ പറഞ്ഞിരിക്കുന്നു. **ഇന്നല്ലാഹ ലാ യുഗയ്യിറു മാ ബിഖൗമിൻ ഹത്താ യുഗയ്യിറൂ മാ ബിഅൻഫുസിഹിം.** ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് അവർ സ്വയം മാറ്റം വരുത്തുന്നതുവരെ അവരുടെ സ്ഥിതിയ്ക്ക് അല്ലാഹു മാറ്റം വരുത്തുന്നില്ല.(13:12) അവൻ സ്വയം തന്റെ കർമങ്ങൾകൊണ്ട് അല്ലാഹു അവന് പ്രദാനം ചെയ്ത ഈ സ്ഥാനത്തെ കളഞ്ഞുകുളിച്ചിരിക്കുമ്പോൾ അല്ലാഹുവിന്റെ അവനോടുള്ള പെരുമാറ്റവും അതിൽനിന്ന് മാറുന്നതാണ്. ആ ജനത നാശത്തിന്റെ പടുകുഴിയിൽ വീണുപോകുന്നു. അതായത് ആളുകൾ അവന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാകണമെന്നാണ് അല്ലാഹു ആഗ്രഹിക്കുന്നത്. എന്നാൽ, അവർ സ്വന്തം കൈകൊണ്ട് വിഷം തിന്നാൻ തുടങ്ങുമ്പോൾ ദൈവികനിയമമനുസരിച്ച് ആ വിഷം അവന്റെ അന്ത്യം കുറിക്കുന്നു. ഇതാണ് ആ നിയമങ്ങൾ. ഇതിലേക്കാണ് ഈ ആയത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. അവൻ തന്റെ കാരുണ്യത്തിന്റെ കൈകൊണ്ട് നിങ്ങളിൽനിന്ന് ശിക്ഷയെ തടഞ്ഞുവെച്ചിരിക്കുന്നുവെന്ന് പറയപ്പെട്ടിരിക്കുന്നു. അതിനെ ഏതെങ്കിലും തരത്തിലുള്ള നിബന്ധനകളോടു സോപാധികമാക്കിയിരിക്കുന്നു. ഇനി ഈ നിയമങ്ങളിൽനിന്ന് ഫലമെടുക്കുക എന്നത് നിങ്ങളുടെ ജോലിയാണ്. അതായത് ദൈവികകൽപനകൾ സ്വീകരിച്ചുകൊണ്ട് അവന്റെ ശരീഅത്തുപരമായ ശിക്ഷയിൽനിന്നും പ്രകൃതിപരമായ നിയമങ്ങൾ പിൻപറ്റി അവന്റെ പ്രകൃതിപരമായ ശിക്ഷയിൽനിന്നും രക്ഷപ്പെടുകയും അല്ലാഹു ഉണ്ടാക്കിയിട്ടുള്ള എല്ലാ അനുഗ്രഹങ്ങളിൽനിന്നും ശരിയായ നിലയിൽ ഫലമെടുക്കുകയും ചെയ്യുക എന്നതും ഇനി നിങ്ങളുടെ ജോലിയാണ്.*(തഫ്സീറെ കബീർ വാള്യം 6, പേജ് 84, പ്രസാധനം 2010 ഖാദിയാൻ)*

പേജ് 12 ൽ നിന്ന്

മിനെ കുറിച്ചുള്ള വിചാരവികാരങ്ങളെ മാറ്റിമറിച്ചു. ഇസ്‌ലാമിനെ സംബന്ധിച്ച് മുമ്പേ തീവ്രവാദത്തെ ഇഷ്ടപ്പെടുന്ന ഒരു മതമെന്ന നിലയിലാണ് ഞാൻ കണ്ടിരുന്നത്. ഇസ്‌ലാമാകട്ടെ സമാധാനം പരത്തുന്ന മതമാണെന്നതാണ് യാഥാർഥ്യം.

പ്രൈവറ്റ് ഫോമിന്റെ ഡയറക്ടറായ അതിഥി ഡസ്കോ വുക്സാനോവ്: ജൽസാ വേളയിലെ ഇവിടുത്തെ താമസത്തിനിടയിൽനടന്ന പ്രഭാഷണങ്ങൾ, കൂടിക്കാഴ്ചകൾ, സമൂഹാരാധനകൾ തുടങ്ങിയവയുടെ പ്രഭാവങ്ങളെന്നെ ഇസ്‌ലാമിക സമ്പ്രദായങ്ങളെക്കുറിച്ചും ആചാരങ്ങളെക്കുറിച്ചും അറിവ് ശേഖരിക്കുന്നതിൽ പ്രേരിപ്പിച്ചിരിക്കുന്നു. ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ എന്നിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തിയിരിക്കുന്നു. അടുത്ത വർഷവും വളരെ താൽപര്യത്തോടെ ഈ ജൽസയുടെ ഭാഗമാകാൻ ഞാനാഗ്രഹിക്കുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹുമായുള്ള കൂടിക്കാഴ്ചയിൽ ചോദ്യങ്ങളും ഞാൻ ചോദിച്ചിരുന്നു. ഞങ്ങൾ ചോദിച്ച ഓരോ കാര്യത്തെ കുറിച്ചും ഖലീഫ വിശദമാക്കിത്തന്നു. അദ്ദേഹത്തിന്റെ മറുപടികൾ മുഖേന ഇസ്‌ലാമിനെ സംബന്ധിച്ച് നമ്മുടെ ചിന്തയിൽ മാറ്റമുണ്ടായി. ഹുദൂറിന്റെ മറുപടികൾ തികച്ചും ചിന്തോദ്ദീപകമായിരുന്നു. അദ്ദേഹത്തിൽ സത്യമുണ്ടായിരുന്നു. ഇസ്‌ലാം മതത്തിന്റെ അധ്യാപനം എത്ര നല്ലതാണെന്ന് മനസ്സിലായി. എല്ലാവർക്കും ശാന്തിയുടേയും സ്നേഹത്തിന്റേയും അധ്യാപനം അത് നൽകുന്നു. ഞങ്ങൾക്കെല്ലാവർക്കും വളരെയധികം സ്നേഹത്തോടെയാണ് ആതിഥ്യം നല്കിയത്. ഒട്ടും അറിയാത്തവരുമായാണ് ഞങ്ങൾക്ക് ബന്ധമുണ്ടായത്. എന്നാൽ, പണ്ടേ ഞങ്ങളെ അറിയുന്നവർ എന്ന പോലെയാണ് തോന്നിയത്. ഈ നിലവാരം ഇതര മതസ്ഥരിലും ഉണ്ടാകേണ്ടതാണെന്ന് ഞാൻ മനസ്സിലാക്കുന്നു.

ഇംഗ്ലീഷ് ഭാഷാ പ്രൊഫസറായ എമിലിജാ ട്രാജനോവ്സ്ക എന്ന മാസിഡോണിയൻ സ്വദേശിനി:ജൽസയിൽ രണ്ടാം തവണയാണ് പങ്കെടുക്കുന്നത്. ഇസ്‌ലാമിനെ കുറിച്ചും അതിന്റെ അധ്യാപനങ്ങളെ കുറിച്ചുമുള്ള എന്റെ വിചാരങ്ങളിൽ മാറ്റമുണ്ടായി. ജൽസയിൽ സേവനമനുഷ്ഠിക്കുന്നവരെ കണ്ടപ്പോൾ, അവരുടെ സ്വഭാവങ്ങൾ ദർശിച്ചപ്പോളെനിക്ക് വളരെയധികം വിസ്മയമുണ്ടായി. ജൽസ എനിക്ക് നല്കിയ സന്ദേശം ഇസ്‌ലാം സമാധാനപൂരിതമായ മതമാണെന്നാണ്. അതെന്നെ വളരെയധികം അടുപ്പിക്കാൻ സഹായിച്ചു.. അത് 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്'എന്ന അധ്യാപനം നല്കുന്നു. ഖലീഫത്തുൽമസീഹിന്റെ പ്രഭാഷണങ്ങൾ ഇസ്‌ലാമിനെ സംബന്ധിച്ച് നമുക്കുണ്ടായിരുന്ന സംശയങ്ങളെല്ലാം ദൂരീകരിച്ചു.

ഒരു വ്യാപാരി മരിൻചോ കൊസാർസി എന്ന മാസിഡോണിയൻ: ആത്മാവിന്റെ അടിത്തട്ടുവരെ ഞാൻ സന്തോഷവാനും സംതൃപ്തനുമാണ്. വിശിഷ്യാ, ഖലീഫയുടെ പ്രസംഗങ്ങൾ. അതിനെ സംബന്ധിച്ച് ഞാൻ പറയാനാഗ്രഹിക്കുന്നു: അദ്ദേഹം നമ്മെ ശാന്തിയിലേക്കും സമാധാനത്തിലേക്കും ക്ഷണിച്ചു. സഹനത്തിലേക്ക് ക്ഷണിച്ചു. സ്നേഹാനുകമ്പയിലേക്ക് ക്ഷണിച്ചു. ക്ഷമയുടെ നിലവാരം പൂജ്യത്തിൽ നില്ക്കുന്ന കാലത്താണ് നമ്മൾ ജീവിക്കുന്നതെന്ന് നമുക്കെല്ലാം അറിയാം. യുദ്ധങ്ങൾ അരങ്ങേറുന്ന സമയമാണിത്. നാശനഷ്ടങ്ങളുണ്ടാകുന്നു. ഈ രോഗങ്ങൾക്കെതിരെ പോരാടാൻ ജൽസാസാലാന നമുക്ക് സന്ദേശം നല്കുന്നു. എല്ലാ വിശ്വാസികൾക്കും ജൽസ നേരായ പന്ഥാവ് വെട്ടിത്തുറക്കട്ടെ എന്നതാണ് എന്റെ പ്രാർഥന. അതുമുഖേന അവർ സ്നേഹം വ്യാപിപ്പിക്കട്ടെ. കാരണം, ദൈവം സ്നേഹത്തിന്റെ അടയാളമാണ്. ഇത്തരത്തിലുള്ള

ജൽസകൾ കൂടുതൽ നടക്കട്ടെ എന്നതാണ് എന്റെ അഭിലാഷം. അങ്ങനെ ദൂരെ ദേശങ്ങൾവരെ സ്നേഹം വ്യാപിക്കട്ടെ. സ്നേഹം പരത്തുന്നവർക്ക് ഒടുവിൽ സ്നേഹം തിരിച്ചു കിട്ടുന്നു.

ചരിത്രത്തിന്റെ പ്രൊഫസറായ സാഷ്കോ കൊർച്ചോവ്സ്കി: ഈ ജൽസയിൽ ഞാൻ ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണങ്ങളിൽനിന്ന് ഇസ്‌ലാമിനെ സംബന്ധിച്ചുള്ള എന്റെ അറിവിൽ കൂടുതൽ വർധന വരുത്തിയരിക്കുന്നു. ഖലീഫത്തുൽ മസീഹിനോട് എനിക്ക് വളരെ കൃതജ്ഞതയുണ്ട്. ഞാൻ ഇന്നലെ ഹൂദൂറിന്റെ അടുത്തായിരുന്നു. ഞങ്ങളുടെ ഈ കൂടിക്കാഴ്ച നിസ്തുലമായിരുന്നു. ഹൃദയസ്പൃക്കായ ധാരാളം അനുഭവങ്ങൾ ലഭ്യമായി. ഇക്കാര്യത്തിനും ഹുദൂറിനോട് വളരെ കൃതജ്ഞതയുണ്ട്. അദ്ദേഹം ഞങ്ങൾക്ക് വളരെ സമയം നല്കി. ഹുദൂറിനോട് ഈ മീറ്റിംഗിൽ ഞങ്ങൾ ചോദ്യങ്ങളും ചോദിച്ചു. വളരെ വിശദമായി ഹുദൂർ ഞങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടികൾ നല്കി. അഹ്മദിയ്യത്തിനെ കുറിച്ച് പുതിയ കാര്യങ്ങൾ കേൾക്കാന് കഴിഞ്ഞു. പറയുന്നതെന്തോ അതാണ് അഹ്മദികൾ ചെയ്യുന്നതെന്ന് ഞങ്ങൾക്ക് അറിയാൻ കഴിഞ്ഞു. (തുടരും)

പേജ് 1 ൽ നിന്ന്

കോളേജ് ഉണ്ടാക്കുകയും ബാരിസ്റ്ററാകുകയും ചെയ്യുക എന്നു മാത്രം!ഇതിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹുവിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നുവെന്നാണ്. നിപുണനായ ഡോക്ടർപോലും പത്തുദിവസത്തിനുശേഷം മരുന്ന് ഫലം ചെയ്യുന്നില്ലെങ്കിൽ തന്റെ ചികിത്സയിൽനിന്ന് പിന്മാറാറുണ്ട്. ഇവിടെ പരാജയത്തിനുമേൽ പരാജയമുണ്ടായിട്ടും അതിൽനിന്ന് പിന്മാറുന്നില്ല. ദൈവമില്ലെങ്കിൽ അവനെ വിട്ട് നിസ്സംശയം അഭിവൃദ്ധിപ്പെടുന്നതായിരിക്കും. പക്ഷേ, ദൈവമുണ്ടാകുമ്പോൾ - തീർച്ചയായും ദൈവമുണ്ട് - പിന്നീട് അവനെ വിട്ടിട്ടൊരിക്കലും അഭിവൃദ്ധിപ്പെടുകയില്ല. അവനെ നിന്ദിച്ച്, അവന്റെ ഗ്രന്ഥത്തോടു അനാദരവ് കാണിച്ച് വിജയിക്കാനും സമുദായമായി തീരാനും ആഗ്രഹിക്കുകയാണോ? അതൊരിക്കലുമുണ്ടാകുകയില്ല.

നമ്മുടെ അഭിപ്രായം ഇതാണ്: കണ്ണുള്ളവർ കാണുക, പുരോഗതി കൈവരിക്കാൻ, അല്ലാഹുവിനെ തിരിച്ചറിയുകയും അവനിൽ ജീവസുറ്റ വിശ്വാസമുണ്ടാക്കുകയും ചെയ്യുക എന്ന ഒരൊറ്റ വഴിയെയുള്ളു.

പേജ് 8 ൽ നിന്ന്

ന്ധിച്ചും ഒരു തത്ത്വമുണ്ട്. ഞാൻ വിവരിച്ചതുപോലെ അത് പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്നു. എന്നാൽ, ഇഹലോകശിക്ഷ ഇവിടെ ജാഗ്രതപ്പെടുത്തുന്നതിനും ഗുണപാഠത്തിനും വേണ്ടിയുള്ള ഏർപ്പാടാണെന്ന കാര്യം മറക്കാതിരിക്കേണ്ടതാണ്.

ഭരണവും കരുണയും തമ്മിൽ പരസ്പരം ഒരു ബന്ധമുണ്ട്. ഈ ബന്ധത്തിന്റെ തണലുകളിലാണ് ശിക്ഷകളും രക്ഷകളുമുണ്ടാകുന്നത്. ഫോണോഗ്രാഫിൽ ശബ്ദം രേഖപ്പെടുത്തുന്നതുപോലെ മനുഷ്യന്റെ കർമങ്ങളും പ്രവൃത്തികളും സുരക്ഷിതമാക്കി രേഖപ്പെടുത്തുന്നു. മനുഷ്യൻ ജ്ഞാനമാർജിക്കാത്തിടത്തോളം ഈ വിഷയത്തിൽ ചിന്തിച്ച് ശാന്തിയടയാനോ ഫലം രുചിക്കാനോ അവന് സാധിക്കുകയില്ല.

ദൈവികമായജ്ഞാനം സമ്പാദിക്കുന്നതിന് ഒന്നാമതായി ദൈവത്തെ തിരിച്ചറിയേണ്ടത് നിർബന്ധമാണ്. ദൈവവുമായി ബന്ധമുള്ള ഒരു മനുഷ്യന്റെ മജ്‌ലിസിൽ സദുദ്ദേശ്യത്തോടും ആത്മാർഥതയോടും കൂടി ദീർഘകാലം വസിക്കാത്തിടത്തോളം ദൈവത്തെ തിരിച്ചറിയാൻ സാധിക്കുകയില്ല. ഇതിനു ശേഷമേ രക്ഷാശിക്ഷയുടേയും ഇഹപരലോകത്തിന്റേയും ശൃംഖലകൾ വളരെ എളുപ്പത്തിൽ അവന് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ഈ വിവരണത്തിൽ ചിന്തിക്കുന്നതുകൊണ്ട് മറ്റൊരു കാര്യം കൂടി മനസ്സിലാകുന്നു. അതായത് വിശുദ്ധഖുർആൻ പറഞ്ഞ നരകത്തിന്റേയും സ്വർഗത്തിന്റേയും തത്ത്വം! അത് മറ്റൊരു മതഗ്രന്ഥവും പറയാത്തതാണ്. എന്നാൽ, വിശുദ്ധഖുർആനിലൂടെ അത് വ്യക്തമാകുന്നു. അല്ലാഹു അത് മുറപ്രകാരം വിവരിച്ചിട്ടുണ്ട്. പക്ഷേ, അല്ലാഹുവിന്റെ മാർഗത്തിൽ മുജാഹദ (സ്വന്തം ഇച്ഛയോടുള്ള പോരാട്ടം) നടത്തുകയും പരിശുദ്ധ ഹൃദയത്തോടെ ചിന്തിക്കുകയും ചെയ്യുന്നവരിൽ മാത്രമേ ഈ രഹസ്യം തുറക്കപ്പെടുകയുള്ളൂ. കാരണം വിലമതിപ്പുകളുള്ള കാര്യങ്ങൾ പ്രയത്നിക്കാതെ ലഭിക്കുകയില്ല. എല്ലാവർക്കും ആ രഹസ്യം എന്തുകൊണ്ട് അറിയിച്ചുകൊടുക്കുന്നില്ല, എന്ന് ചോദിച്ചാൽ ഞാൻ പറയുന്നു. മനുഷ്യേന്ദ്രിയങ്ങളുടെ പ്രവൃത്തികളെല്ലാം വ്യത്യസ്തമാണ്. ഉദാഹരണത്തിന്, കണ്ണിന് കാണാൻ കഴിയുന്നു. നാവിന് രുചിക്കാനും സംസാരിക്കാനും കഴിയുന്നു. ചെവിക്ക് കേൾക്കാൻ കഴിയുന്നു. അതായത് ഓരോ ഇന്ദ്രിയവും അതാതിന്റെ കടമയുടേയും ശക്തിയുടേയും ഉത്തരവാദിയാണ്. ചെവിയുടെയടുക്കൽ മധുരമുള്ള ഒരു പഴം വെച്ചിട്ട് അത് നാവിന്റെ രുചി പറയണമെന്നു പറഞ്ഞാൽ അതു നടക്കുകയില്ല. അതേപോലെ കണ്ണ് ശബ്ദം കേൾക്കണമെന്നും നാവ് കാണണമെന്നും ശാഠ്യം പിടിച്ചാലും അതു സംഭവിക്കാൻ പോകുന്നില്ല. ദൈവജ്ഞാനത്തിന്റെ അതിസൂക്ഷ്മമായ രഹസ്യങ്ങളെ തിരിച്ചറിയുന്നതിന് പ്രത്യേകമായ ശക്തിതന്നെ വേണം. ആ ശക്തിക്കു മാത്രമേ അതിനെക്കുറിച്ച് പറഞ്ഞുതരാൻ സാധിക്കുകയുള്ളൂ. ഈ ശക്തി എല്ലാവർക്കും നല്കിയിട്ടുണ്ട്. പക്ഷേ, അത് പ്രയോജനപ്പെടുത്തുന്നവർ വളരെ കുറവാണ്. ഊഹത്തിന്റെ ഒരു ശക്തിയും ഫലമുണ്ടാക്കുകയില്ല. അക്കാരണത്താലാണ് തത്ത്വചിന്തകന്മാരുടെ വിശ്വാസപരമായ അവസ്ഥ വളരെ ബലഹീനമായിരിക്കുന്നത്. അവർ ഊഹങ്ങൾക്കപ്പുറം കടക്കുന്നില്ല. അതുകൊണ്ടാണ് വലിയ ചിന്തകനും ബുദ്ധിമാനുമായി കരുതപ്പെടുന്ന പ്ലാറ്റോ മരിക്കാൻ നേരത്ത് തനിക്കുവേണ്ടി ഇന്നബിംബത്തിന് ഒരു കോഴിയെ ബലികൊടുക്കാൻ പറഞ്ഞതും! എത്രമാത്രം ബലഹീനമായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസമെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. അദ്ദേഹം ഏകദൈവത്വ സിദ്ധാന്തത്തിൽ നിലനിന്നില്ല.

### സാത്വികരോടൊപ്പമുള്ള ജീവിതം


തിളക്കമാർന്ന ദൃഢവിശ്വാസം ലഭിക്കുന്നതിനും ഉൾക്കാഴ്ചയോടെ അല്ലാഹുവിലുള്ള വിശ്വാസത്തിൽ നിലകൊള്ളുന്നതിനും മഹത്തായ ഒരേയൊരു മാർഗമേയുള്ളൂ. അതായത് അവർ, അല്ലാഹുവിന്റെ ഉണ്മയെക്കുറിച്ച് ജീവസ്സുറ്റ സാക്ഷ്യം പറയുന്ന ആളുകളുടെ സ്വുഹ്ബത്ത് അഥവാ സത്സംഗം സ്വീകരിക്കുക, ആ മഹാത്മാക്കൾ സർവശക്തനും അദൃശ്യജ്ഞാനിയും സകല ഗുണങ്ങളുടേയും ഉറവിടവുമായ അല്ലാഹുവിൽനിന്ന് നേരിട്ട് കേട്ട കാര്യങ്ങളാണ് പറയുന്നത്.

അത്തരക്കാരുടെ സത്സംഗത്തിൽ ആദ്യം പോകുമ്പോൾ അവർ പറയുന്ന കാര്യങ്ങൾ തികച്ചും വിചിത്രവും അപൂർവവുമായിട്ട് തോന്നാം. അതു വളരെ കുറച്ചേ മനസ്സിൽ പതിയുകയുള്ളൂ. പക്ഷേ, ഹൃദയം ആ മഹാത്മാക്കളിലേക്ക് ആകർഷിക്കപ്പെടുന്നു. മനസ്സിലുള്ള മാലിന്യങ്ങളും അവർ കേൾക്കുന്ന ദൈവജ്ഞാനപരമായ കാര്യങ്ങളും തമ്മിൽ യുദ്ധം ആരംഭിക്കുന്നതാണ് അതിനു കാരണം. മനസ്സിൽ അടിഞ്ഞുകൂടിയുള്ള പൊടിപടലങ്ങളകറ്റി അതിനെ കത്തിച്ചുകളയാനും ആ മനസ്സിൽ ദൃഢവിശ്വാസത്തിന്റെ ശക്തി ഉണ്ടാക്കാനും സത്യവാനായ ജ്ഞാനിയുടെ വാക്കുകൾ ആഗ്രഹിക്കുന്നു. അപ്പോഴാണ് നന്മയും തിന്മയും തമ്മിൽ യുദ്ധമുണ്ടാകുന്നത്. ഏതുപോലെയെന്നാൽ, വയറിളക്കത്തിന് മരുന്നുകൊടുത്താൽ അത് വയറ്റിൽച്ചെന്ന് മലത്തെ ഇളക്കുന്നു. അങ്ങനെ അനാവശ്യവും കുഴപ്പമുണ്ടാക്കുന്നതുമായ എല്ലാ മാലിന്യങ്ങളും അടിച്ച് വെളിയിൽ കളയുന്നു. ഇതേപോലെ സത്യസന്ധനായ മനുഷ്യൻ ഊഹത്തെ അകറ്റാനും സത്യമായ അറിവുകളുടേയും ശരിയായ വിശ്വാസത്തിന്റേയും തിരിച്ചറിവ് പഠിപ്പിക്കാനും ആഗ്രഹിക്കുന്നു. അക്കാര്യങ്ങൾ, ദീർഘകാലമായി മറ്റൊരു ലോകത്ത് വസിച്ചിരുന്ന ഹൃദയത്തിന് ഉൾക്കൊള്ളാൻ പ്രയാസമായി തോന്നാം. എങ്കിലും അവസാനം സത്യം വിജയിക്കുകയും ബഹുദൈവാരാധനയുടെ ശക്തി നശിച്ച് ഏകദൈവാരാധനയുടെ ശക്തി തളിർക്കാൻ തുടങ്ങുകയും ചെയ്യുന്നു.

ആ പ്രകാശവുമായിട്ടാണ് ഞാൻ വന്നിട്ടുള്ളത്. ലോകത്ത് ദൃഢവിശ്വാസം സ്ഥാപിക്കുക എന്നതാണ് എന്റെ വരവിന്റെ ഉദ്ദേശ്യം. അതുണ്ടാക്കിയെടുക്കാൻ കേവലം വാക്കുകൾക്ക് സാധ്യമല്ല. മറിച്ച്, അല്ലാഹുവിന്റെ ശക്തിപ്രഭാവംകൊണ്ട് സത്യവാന്മാരുടെ കൈയിലൂടെ വെളിപ്പെടുന്ന അടയാളങ്ങളിലൂടെയാണ് അത് വെളിച്ചം കാണുന്നത്. *(മൽഫൂദാത്ത് വാല്യം 3, പേജ് 22– 32) (സത്യദൂതൻ 2001 മാർച്ച്).*

WWW.MTA.TV
Reaching The Corners Of The Earth

'ഇജ്ത്തനിബൂ കുല്ല മുസ്കിരിൻ.'
എല്ലാത്തരം ലഹരി പദാർഥങ്ങളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുവിൻ.
ഹദീഥുന്നബവി ﷺ
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL : 9744366004, 8086399638

"അൽമുഹ്തകിറു മൽഊനുൻ."
വില കൂടുമ്പോൾ വിൽക്കാനായി ധാന്യം പൂഴ്ത്തിവെക്കുന്നവൻ ദൈവകാരുണ്യത്തിൽനിന്ന് വിദൂരസ്ഥനാണ്.
ഹദീഥുന്നബവി ﷺ
tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 28 November 2024 Issue-48

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ ജർമൻ പര്യടനം

**വിവർത്തനം: അമീൻ മുഹമ്മദു മാത്ര**

**(ബദ്ർ വാല്യം 9 ലക്കം 43, പേജ് 10, കോളം 3-ൽ നിന്ന് തുടർച്ച..)**

ഹുദൂർ അതിഥികളോട്: ഇസ്‌ലാമിക അധ്യാപനങ്ങളുടെ ഒരു പ്രവർത്തനപരമായ മാതൃക നിങ്ങൾ ജൽസാസാലാനയിൽ കണ്ടിട്ടുണ്ടാകും. ഇവിടെ നിങ്ങൾ സ്നേഹവും ശാന്തിയും സമാധാനവും മാത്രമായിരിക്കും കണ്ടിട്ടുണ്ടാവുക. ശേഷിക്കുന്നത് രക്ഷാ ശിക്ഷയുടെ കാര്യമാണ്. പ്രസ്തുത പ്രശ്നം ദൈവത്തിന്റെ അടുക്കലാണെന്ന് ചുരുക്കം. ദൈവം ഈ ലോകത്ത് നിയോഗിച്ചയച്ച വാഗ്ദത്ത മഹ്ദീ മസീഹിനെ സ്വീകരിച്ചാൽ ഇഹപരലോക അനുഗ്രഹങ്ങൾ പ്രാപിക്കുന്നതാണ്. ആർക്ക് എത്ര അനുഗ്രഹം നൽകണമെന്നത് ദൈവത്തിന്റെ കൈയിലാണ്.

ഒരു വനിത അതിഥി: മരണപ്പെട്ടതിനുശേഷം പരലോകത്ത് ഇതര മതസ്ഥരോടുള്ള പെരുമാറ്റം ഏതു വിധത്തിലായിരിക്കും?

ഹുദൂർ അൻവർ: ഇതിന്റെ മറുപടി ഞാൻ നല്കി കഴിഞ്ഞു. പരലോക ജീവിതം ഒരു സ്ഥായിയായ ജീവിതമാണ്. ഇഹലോകത്ത് സൽകർമ്മം ചെയ്താൽ, ധാർമികരമായ കർമങ്ങൾ ചെയ്താൽ, അല്ലാഹുവിനോടുള്ള അവകാശങ്ങൾ നിർവഹിച്ചാൽ, അവന്റെ സൃഷ്ടികളോടുള്ള കടമകൾ നിർവഹിച്ചാൽ ദൈവം അവരെ സ്വർഗത്തിന്റെ അനന്തരാവകാശികളാക്കും.

ദൈവം വിശുദ്ധ ഖുർആനിൽ പറയുന്നു:യഹൂദരായാലും ക്രിസ്തുമത വിശ്വാസികളായാലും സ്വാബികളായലും അവരിൽനിന്ന് അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കുന്നവരും സൽക്കർമ്മം ചെയ്യുന്നവരുമുണ്ടെങ്കിൽ ദൈവം അവർക്ക് പ്രതിഫലം നല്കുന്നതാണ്.

ഒരു അവസാന നബി വരുമെന്ന ദീർഘദർശനമുണ്ട്. അദ്ദേഹത്തേയും വിശ്വസിക്കേണ്ടത് അനിവാര്യമാണ്. അദ്ദേഹത്തെ സ്വീകരിക്കുമ്പോഴാണ് അല്ലാഹുവിൽ പൂർണ വിശ്വാസമുണ്ടാകുന്നത്.

നബിﷺതിരുമേനി പറയുന്നു: ഒരു വ്യക്തി പറഞ്ഞു:അല്ലാഹുവാണെ സത്യം! ഇന്നയാൾക്ക് അല്ലാഹു ക്ഷമിച്ചു കൊടുക്കുകയില്ല. അപ്പോൾ അല്ലാഹു പറഞ്ഞു:ഇന്നയാൾക്ക് താൻ ക്ഷമിച്ചു കൊടുക്കില്ലെന്ന് പറഞ്ഞുകൊണ്ട് എന്റേമേൽ നിയന്ത്രണം വെക്കുന്നവനാരാണ്? ഞാനിതാ അയാൾക്ക് ക്ഷമിച്ചു കൊടുത്തിരിക്കുന്നു. അങ്ങനെ പറഞ്ഞവന്റെ കർമങ്ങൾ വ്യഥാവിലായിരിക്കുന്നു.

അതുകൊണ്ട് മനുഷ്യൻ സൽകർമങ്ങൾ ചെയ്യേണ്ടതാണ്. നന്മകളിൽ മുന്നേറേണ്ടതാണ്. ദൈവത്തിന്റെ കാരുണ്യം വളരെ വിശാലമാണ്. എല്ലാത്തിന്റേയും മേൽ അത് ചൂഴ്ന്ന് നിൽക്കുന്നു. താനിച്ഛിക്കുന്ന ആർക്കും അവൻ ക്ഷമിച്ചു കൊടുക്കുന്നു.

ഒരു അതിഥി പറഞ്ഞു: ഞാൻ ജന്മനാ ക്രിസ്ത്യനാണ്. ആദ്യമായാണ് ഇവിടെ വരുന്നത്. നിങ്ങളുടെ സംഘടനാപ്രവർത്തനം കണ്ടു. എനിക്ക് പക്വത വന്ന കാലഘട്ടം മുതൽ എന്റെ മനസ്സിലുള്ള ഒരു വിചാരമാണ്, ലോകത്ത് എത്രയോ മതങ്ങളുണ്ട് ഇവരെല്ലാം ഒരുമിച്ചുകൂടി ഒരു ദിശയിൽ നീങ്ങുക എന്നത് സാധ്യമാകുമോ?

ഹുദൂർ അൻവർ:ഇതേ പ്രവൃത്തിക്കുവേണ്ടിയാണ് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപനമു ണ്ടായിട്ടുള്ളത്. സർവ ജനതയേയും ഒരു കൈയിൽ ഒരുമിച്ചു കൂട്ടുക. അതുമുഖേന എല്ലാവരും ഒന്നായിത്തീരുക. ഒരു മതത്തിൽ ഐക്യപ്പെടുക. മഹ്ദീ മസീഹിന്റെ വരവിനെ കുറിച്ചുള്ള ദീർഘദർശനമാണി ത്. എല്ലാവരേയും അദ്ദേഹം ഐക്യപ്പെടുത്തും. ഇതേ സന്ദേശ പ്രചാരണമാണ് അഹ്മദിയ്യാ ജമാഅത്ത് നടത്തിക്കൊണ്ടിരിക്കുന്നത്.

നോർത്ത് സൗത്ത് അമേരിക്കൻ രാജ്യങ്ങളിലും ആഫ്രിക്കയുടെ പടിഞ്ഞാറ്- കിഴക്ക് രാജ്യങ്ങളിലും യൂറോപ്പിലും ഏഷ്യയിലും മധ്യപൗരസ്ത്യ രാജ്യങ്ങളിലും അൾജീരിയായിലും ചുരുക്കത്തിൽ എല്ലായിടങ്ങളിലും ജമാഅത്ത് പ്രചാരണം നടത്തിവരുന്നു. ശാന്തി സന്ദേശം എത്തിച്ചു വരുന്നു.

ഒരു കുഗ്രാമമായ ഖാദിയാനിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിﷺമസീഹാണെന്നുള്ള വാദം പുറപ്പെടുവിച്ചു; നബിﷺതിരുമേനി നല്കിയ ദീർഘദർശനങ്ങൾ പ്രകാരം തന്നെ മഹ്ദിയും മസീഹുമായി അല്ലാഹു നിയോഗിച്ചിരിക്കുന്നു. ഒരു കുഗ്രാമത്തിൽനിന്നുമുയർന്ന ആ ശബ്ദം ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്ത് 204 രാജ്യങ്ങളിൽ വ്യപിച്ചു കഴിഞ്ഞു. ലോകത്തുള്ള വിവിധ മതങ്ങളിൽനിന്നും ജനതതികളിൽനിന്നും ആളുകൾ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു കൊണ്ടിരിക്കുന്നു.

ലോകം ഒരൊറ്റ മതത്തിൽ ഒന്നുചേരണമെന്നതാണ് നമ്മുടേയും ആഗ്രഹം. ഒരു ദൈവത്തെ അംഗീകരിക്കുന്നവരായി മാറണം. അതുമുഖേന എല്ലാവരും ചേർന്ന് ശാന്തിയോടും സമാധാനത്തോടും കൂടി ജീവിക്കണം.

ഒരു അതിഥി: വിവിധ മതാനേതാക്കൾ ഒരുമിച്ചിരുന്ന് സംസാരിക്കുന്ന ഒരു പദ്ധതി ഉണ്ടാകുന്നത് സാധ്യമാണോ?

ഹുദൂർ അൻവർ: ജമാഅത്ത് ഇതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. ഒരു ദൈവത്തിൽ വിശ്വസിക്കുന്ന നമ്മളെല്ലാവരും ചേർന്ന് അതേ ദൈവത്തിന്റെ നാമത്തിൽ ഒന്നാകണമെന്ന് പറഞ്ഞ് ഹദ്റത്ത് വാഗ്ദത്ത മസീഹ്ﷺ വിക്ടോറിയാ രാജ്ഞിക്ക് കത്തെഴുതിയിരുന്നു.

ഈയടുത്ത് ഗിൽഡ് ഹാളിൽ ഒരു സമ്മേളനം സംഘടിപ്പിച്ചിരുന്നു. അതിൽ ക്രിസ്തുമതത്തിന്റേയും, യഹൂദ മതത്തിന്റേയും ദലൈലാമയുടേയും മറ്റു മതങ്ങളുടേയും ആയിരത്തോളം പ്രതിനിധികൾ പങ്കെടുത്തിരുന്നു. ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ദൈവസങ്കൽപം എന്നതായിരുന്നു സമ്മേളനവിഷയം.

ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്തുകൊണ്ട് ഞാൻ സദസ്സിനെ അഭിമുഖീകരിച്ചു സംസാരിച്ചിരുന്നു. അഹ്മദിയ്യാ ജമാഅത്ത് വളരെ മുമ്പേമുതൽത്തന്നെ മതനേതാക്കളെ വേദികളിൽ ഒരുമിച്ചു കൂട്ടാറുണ്ട്.

ഒരു അതിഥി: ഞങ്ങളുടെ രാജ്യമായ മാസിഡോണിയക്കുവേണ്ടിയുള്ള പദ്ധതിയെന്താണ്?

ഹുദൂർ അൻവർ: മാസിഡോണിയ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിച്ചാൽ നമുക്ക് പണിയെടുക്കാൻ കഴിയും. അവിടെ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തിന്റെ സന്ദേശം നല്കുന്ന കാര്യത്തില് നാം പ്രവര്ത്തിക്കും. എല്ലാ മതങ്ങളും ഒരു മതത്തില് ഐക്യപ്പെടുന്നത് എങ്ങെനെ സാധ്യമാണെന്ന പ്രഘോഷണം നടത്തും. പ്രത്യക്ഷ ശാന്തി സമാധാനവും സഹവര്ത്തിത്വവും ഒന്നു ചേര്ന്ന് എങ്ങെനെ ചെയ്യാന് സാധിക്കുമെന്ന് വ്യക്തമാക്കും.

ഒരു അതിഥി: ഒരു സൽകർമം ചെയ്യുന്നു. പക്ഷേ, അയാൾ ദൈവത്തെ ആരാധിക്കുന്നില്ല. എന്നാലും അയാൾക്ക് പ്രതിഫലം ലഭിക്കുമോ

ഹുദൂർ അൻവർ: ഉന്നതനായ അല്ലാഹു മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യം തന്നെ വിശുദ്ധ ഖുർആനിൽ വിവരിച്ചത്- - - -**വ മാ ഖലക്കത്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലി യഅ്ബുദൂൻ**- - - -എന്നാണ്.- - - - -ഞാൻ ജിന്നിനേയും മനുഷ്യനേയും എന്നെ ആരാധിക്കുക എന്ന ലക്ഷ്യത്തിന് വേണ്ടിയല്ലാതെ സൃഷ്ടിച്ചില്ല - - - -എന്നാണ്. അതുകൊണ്ട് ആരാധന നിർവഹിക്കുക എന്നത് അനിവാര്യമാണ്. ഏത് ആരാധന നിർവഹിച്ചാലും ഒപ്പം സൽപ്രവർത്തനങ്ങളും ചെയ്യുമ്പോഴാണ് അയാൾക്ക് സൽപ്രവർത്തനം മാത്രം ചെയ്യുന്ന മറ്റുള്ളവരെ അപേക്ഷിച്ച് ഉന്നത പദവി കരസ്ഥമാകുകയുള്ളൂ. വിക്ടറി സ്റ്റാന്റ് പോലെ, ചിലർ ഒന്നാം പദവി ആർജ്ജിക്കുന്നു. ചിലർ രണ്ടാമത്തേയും ചിലർ മൂന്നാമത്തേയും പദവികൾ ആർജ്ജിക്കുന്നു. ശേഷിക്കുന്നത് പ്രതിഫലം നല്കുന്ന കാര്യമാണ്. അത് അല്ലാഹു താനിശ്ചിക്കുന്ന തരത്തില് നല്കുന്നു.

സർക്കാർ ഉദ്യോഗസ്ഥനായ അതിഥി നിക്കോളോ ഗോഷെവ്സ്കി: മതത്തെ കുറിച്ച് അറിയാനാണ് എന്റെ ഈ സന്ദർശനം. മതത്തെ സംബന്ധിച്ച് ആഴത്തിൽ ചിന്തിച്ചാൽ ഇതുവളരെ നല്ലതുതന്നെയാണ്. ജൽസയിലെ പ്രഭാഷണങ്ങൾ എന്നെ വല്ലാതെ സ്വാധീനിച്ചു. ഹുദൂറിന്റെ പ്രഭാഷണങ്ങൾ ഇസ്‌ലാ

ശേഷം പേജ് 10 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin